Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 5 No. 7, 15 July 2017

എഡിറ്റോറിയൽ

# മനസ്സിലെങ്കിലും ഒരു സ്മാരകം

**വി.** വേദപുസ്തകത്തിന്റെ സകല ഏടുകളും അരിച്ചുപെറുക്കി പരിശോധിച്ചാലും ഇതുപോലുള്ള മറ്റൊരു മനുഷ്യനെ കണ്ടെത്താനാവില്ല. ഇത്രമാത്രം നിഷ്കളങ്കനായ, രാജ്യസ്നേഹിയായ, രാജഭക്തനായ, അച്ചടക്കമുള്ള, ഉത്തരവാദിത്തബോധമുള്ള, മേലധികാരികളെക്കുറിച്ചു കരുതലുള്ള-എന്നിട്ടും ഇത്ര നീചമായ വിധം ചതിച്ചു കൊല്ലപ്പെട്ട-മറ്റൊരു കഥാപാത്രത്തെ വേറെങ്ങും കാണുവാനും ഇടയില്ല.

അമ്മോന്യരുമായി യുദ്ധം നടക്കുന്ന കാലം. യിസ്രായേൽ രാജാവായ ദാവീദ് യുദ്ധത്തിന്റെ ചുമതല തന്റെ സൈന്യാധിപനായ യോവാബിനെ ഏല്പിച്ചിട്ട് കൊട്ടാരത്തിൽ തങ്ങിയിരിക്കുകയാണ്. ഒരു ദിവസം സന്ധ്യയോടടുത്ത സമയം. രാജാവ് മട്ടുപ്പാവിലൂടെ ഉലാത്തുന്നതിനിടയിൽ നോക്കെത്തും ദൂരത്ത് നദിയിൽ അതിസുന്ദരിയായ ഒരു യുവതി കുളിച്ചുകൊണ്ടിരിക്കുന്നത് അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടു. അസ്തമയ സൂര്യന്റെ സ്വർണ്ണകിരണങ്ങളേറ്റ് തിളങ്ങുന്ന അവളുടെ ശരീരം രാജാവിന്റെ ഹൃദയത്തിൽ വല്ലാത്ത ഒരു അനുഭൂതി വളർത്തി. അന്വേഷണത്തിൽ അവൾ തന്റെ യുവസൈനികരിൽ ഒരുവനായ ഊരിയാവിന്റെ ഭാര്യ- ബത്ത്ശേബ-ആണ് എന്ന് മനസ്സിലായി. സ്വന്തം സൈന്യത്തോടൊപ്പം രാജ്യസംരക്ഷണം നടത്തുന്ന ഭടന്റെ ധർമ്മപത്നിയാണ് അവൾ എന്ന വസ്തുതപോലും രാജാവിന്റെ അധമ വികാരത്തിന് അറുതി വരുത്തിയില്ല. ദാവീദ് ആളയച്ച് അവളെ കൊട്ടാരത്തിൽ വരുത്തി. രാജാവിന്റെ ഇംഗിതത്തിനു വഴങ്ങുകയല്ലാതെ അവൾക്ക് മാർഗ്ഗമുണ്ടായിരുന്നില്ല. അതു സംഭവിച്ചു.

ആഴ്ചകൾക്കകം താൻ രാജാവിൽനിന്ന് ഗർഭിണിയായിരിക്കുന്ന വിവരം ബത്ത്ശേബ ദാവീദിനെഅറിയിച്ചു. ആ നിമിഷം മുതൽ രാജാവിന്റെ മനസ്സാകെ കലുഷിതമായി. ദുഷ്ടതയും ചതിയും വക്രതയുമെല്ലാം അതിൽ ജ്വലിച്ചുപൊന്തി. ബത്ത്ശേബയുടെ ഉദരത്തിലെ പ്രജയുടെ പിതൃത്വം അവളുടെ ഭർത്താവായ ഊരിയാവിനെഏല്പിക്കണമെന്നായിരുന്നു ദാവീദിന്റെ ആദ്യചിന്ത. അയാളെ രാജാവ് രണഭൂമിയിൽനിന്ന് കൊട്ടാരത്തിൽ വിളിച്ചുവരുത്തി. ഊരിയാവ് എത്തിയപ്പോൾ ദാവീദ് അയാളോട് യോവാബിന്റെയും സൈന്യത്തിന്റെയും സുഖക്ഷേമങ്ങളും യുദ്ധകാര്യങ്ങളുംതാല്പര്യപൂർവ്വം ചോദിച്ചറിഞ്ഞു. കൊട്ടാരത്തിലോളം വന്ന നിലയ്ക്ക് വീട്ടിലെത്തി ഭാര്യയോടൊപ്പം താമസിച്ചുമടങ്ങിയാൽ മതിയെന്നു നിർദ്ദേശിച്ചു. ധാരാളം സമ്മാനങ്ങളുമായി അയാളെ വീട്ടിലേയ്ക്ക് പറഞ്ഞയച്ചു.

എന്നാൽ ഊരിയാവ് തന്റെ വീട്ടിലേയ്ക്ക് പോകാതെ രാജഭൃത്യരോടൊപ്പം രാത്രി കഴിച്ചു. ഇതറിഞ്ഞ രാജാവ് അയാളോട് വീട്ടിൽ പോകാത്തതിന് കാരണമാരാഞ്ഞു. ഊരിയാവു പറഞ്ഞു"പെട്ടകവും യിസ്രായേലും യഹൂദയും കൂടാരങ്ങളിൽ വസിക്കുന്നു. എന്റെ യജമാനനായ മോവാബും ഭൃത്യന്മാരും വെളിമ്പ്രദേശത്ത് പാളയമടിച്ചുകിടക്കുന്നു. ഈ അവസ്ഥയിൽ തിന്നു കുടിക്കുവാനും ഭാര്യയുടെ കൂടെ ശയിക്കുവാനും ഞാൻ തയ്യാറാകണമൊ? അവിടുന്ന് സത്യം, അവിടുത്തെ ജീവൻ സത്യം, ഞാനതു ചെയ്യില്ല."

## EDITORIAL BOARD

***President***
**H. G. Dr. Thomas Mar Athanasius**
Metropolitan

***Chief Editor***
**Fr. Abraham Karammel**

***Mg.Editor***
**Mr. P. J. Varghese**

***Associate Editors***
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

***Technical Adviser***
**Mr. George Paul**

***Members***
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**മനസ്സിലെങ്കിലും ഒരു സ്മാരകം** .................. 1

**ഇടവക മെത്രാപ്പോലീത്തായുടെ കല്പന** .................. 3

**ഈ അവസരമെങ്കിലും പാഴാക്കരുത്** ......... 4
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വിസ്മയനീയനായ സ്രഷ്ടാവ്** ....................... 10
സ്വാമി തേജോമയാനന്ദ

**2017 ജൂലൈ 3 ലെ ബഹു. സുപ്രീംകോടതി വിധിയുടെ സാംക്ഷിപ്തം** .................................. 11

**കണ്ടനാട് ഭദ്രാസനത്തിലെ യാക്കോബായ സഭാംഗങ്ങൾക്ക് ഒരു കത്ത്** .................. 15


ഊരിയാവിന്റെ ഈ ഉറച്ച മറുപടി അദ്ദേഹത്തിന്റെ എല്ലാ സ്വഭാവഗുണങ്ങളെയും വിളിച്ചോതുന്നതാണ്. തന്റെ സൈന്യത്തിലെ ഒരംഗത്തിന്റെ ധീരമായ ഈ നിലപാടിൽ ദാവീദുരാജാവിന് അഭിമാനമാണ് തോന്നേണ്ടിയിരുന്നത്. എന്നാൽ തന്നിലെ കുറ്റബോധം നിമിത്തം ഭയമാണ് അദ്ദേഹത്തിൽ വളർന്നത് എങ്കിലും അതു പ്രകടമാക്കാതെ ഒരു ദിവസം കൂടി നാട്ടിൽ തങ്ങുവാൻ രാജാവു ഊരിയാവിനോട് നിർദ്ദേശിച്ചു.

അന്നു രാത്രി രാജാവ് അവനോടൊപ്പം തിന്നുകുടിച്ച് അവനെമത്തനാക്കി ഭാര്യയുടെ അടുക്കൽ പറഞ്ഞയക്കാൻ ഒരു ശ്രമം കൂടി നടത്തി. പക്ഷേ അതും പരാജയപ്പെട്ടു. അന്നും അയാൾ രാജ ഭൃത്യരോടൊപ്പം കൊട്ടാരത്തിൽ തന്നെയാണ് രാത്രി കഴിച്ചത്.

തന്റെ പ്രഥമ ലക്ഷ്യം പാളുമെന്ന് ഉറപ്പായ ദാവീദിന്റെ അടുത്ത ശ്രമം ഊരിയാവിനെ ചതിവിൽ കൊല്ലിക്കുന്നതിനായിരുന്നു. അതിനുവേണ്ടി അദ്ദേഹം സൈന്യാധിപന് ഒരു രഹസ്യക്കത്തു തയ്യാറാക്കി ഊരിയാവു വംശം യുദ്ധഭൂമിയലേക്കു കൊടുത്തയച്ചു. ഊരിയാവിനെ പോർമുഖത്തു നിർത്തി യുദ്ധം ചെയ്യിക്കണമെന്നും യുദ്ധം മുറുകുമ്പോൾ കൂടെയുള്ളവർ പിൻമാറി അയാളെ ഒറ്റപ്പെടുത്തി ശത്രുക്കളാൽ കൊല ചെയ്യിക്കണമെന്നുമായിരുന്നു കത്തിന്റെ സാരം. സ്വന്തം മരണവാറന്റിന്റെ വാഹകനായിത്തീരേണ്ട ഗതികേടും ആ ഹതഭാഗ്യനിൽതന്നെ വന്നുചേർന്നു! അറവുശാലയിലേക്കുള്ള ഒരിക്കലും മടങ്ങിയെത്താൻ കഴിയാത്ത അന്ത്യയാത്രയായിരുന്നു അതെന്ന് ആ നിരപരാധി അല്പവും ശങ്കിച്ചില്ല.

രാജകല്പനപോലെതന്നെ എല്ലാം സംഭവിച്ചു. ഊരിയാവ് കഥാവശേഷനായി. ബത്ശേബ ദാവീദുരാജാവിന്റെ മറ്റൊരു രാജ്ഞിയുമായി.

ഊരിയാവ് എന്നെന്നും വേദപുസ്തകത്തിലെ ഒരു ഉജ്ജ്വല കഥാപാത്രമാണ്. സ്വന്തം വ്യക്തിത്വമുള്ള ഒരസാധാരണ ചെറുപ്പക്കാരൻ. എന്നിരുന്നാലും വേദപുസ്തകപണ്ഡിതന്മാരും സുവിശേഷകരും ഈ അതുല്യവ്യക്തിത്വത്തെ വേണ്ടത്ര മികവോ പെരുമയോ നൽകി പ്രോജ്ജ്വലിപ്പിച്ച് അവതരിപ്പിച്ചുകേൾക്കാറില്ല. അവർക്കെല്ലാം ദാവീദിനെപ്പോലെ പശ്ചാത്താപിച്ച പാപികളെ വർണ്ണിക്കുന്നതിലാണ് ഹരം. വലതുഭാഗത്തെ കള്ളന്മാരെയാണ് കൂടുതൽ ബഹുമാനവും താത്പര്യവും. 'നൂറു നീതിമാന്മാരെക്കുറിച്ചെന്നതിനേക്കാൾ സന്തോഷം മനം തിരിയുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിലുണ്ട്' എന്നല്ലേ പറയുന്നത്. കളഞ്ഞുകിട്ടിയ ബ്രഹ്മപ്പണങ്ങൾ. വഴി തെറ്റിയശേഷം തിരികെയെത്തുന്ന കുഞ്ഞാടുകൾ. നല്ലതുതന്നെ. എന്നാൽ വഴി തെറ്റാത്ത ഊരിയാവുമാരെ അവഗണിച്ചുകൂടാ. ഒരു പക്ഷേ ഊരിയാവെന്ന ആ എളിയ സൈനികൻ ലോകത്തിനു കൊള്ളാത്തവിധം നല്ലവനായിരുന്നിരിക്കാം. ഏതായാലും നമുക്ക് അദ്ദേഹത്തിന് മനസ്സിലെങ്കിലും ഒരു സ്മാരകം പണിയാം.

2017 ജൂലൈ 3 ന് മലങ്കര സഭാകേസ് സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ അന്ത്യവിധി വന്ന സാചഹര്യത്തിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഇപ്പോൾ ഭദ്രാസനത്തിൽ നിന്ന് വിട്ടു നിൽക്കുന്ന പള്ളികൾക്കയച്ച കല്പന.

No. 14/2017

# THE MALANKARA ORTHODOX SYRIAN CHURCH

## KANDANAD EAST DIOCESE

Bishop's House, Cathedral Road
Muvattupuzha - 686 661
Ph: 0485-2832401
E-mail: thomasathanasius@yahoo.co.in

Metropolitan
Dr. Thomas Athanasius

പ്രിയപ്പെട്ട അച്ചനും ഇടവകാംഗങ്ങൾക്കും കർത്താവിൽ വാഴ്വ്

1998 വരെ ആ ഇടവക കണ്ടനാട് ഭദ്രാസനവും അതിന്റെ ആസ്ഥാനമായ മൂവാറ്റുപുഴ അരമനയുമായി ബന്ധപ്പെട്ട് കഴിഞ്ഞുവന്നതിന്റെ ഓർമ്മകൾ ഇപ്പോഴും എന്റെ മനസ്സിലുണ്ട്. എന്നാൽ 1995-ലെ മലങ്കരസഭയെ സംബന്ധിച്ച സുപ്രീംകോടതിവിധിയും അനുബന്ധ വിധികളും വന്നശേഷം അവയുടെ ഉള്ളടക്കവും സഭയുടെ വിളിയും വേണ്ടവിധം മനസ്സിലാക്കാതെ നിങ്ങൾ മറ്റൊരു പാതയിൽ സഞ്ചരിക്കുകയായിരുന്നല്ലോ. ഈ അകൽച്ച ഇടവക മെത്രാപ്പോലീത്ത എന്ന നിലയിൽ എനിക്ക് ഏറെ ദുഃഖവും മനഃക്ലേശവും സൃഷ്ടിച്ചിരുന്നു. എന്നാൽ 2017 ജൂലൈമാസം 3-ാം തീയതി സുപ്രീംകോടതിയിൽ നിന്ന് സഭാതർക്കം സംബന്ധിച്ച് ഉണ്ടായ ഉത്തരവ് വീണ്ടും ഒരു ഐക്യസാദ്ധ്യതയ്ക്ക് വഴിയൊരുക്കുകയാണ്. അതിൻപ്രകാരം ആ ഇടവകയ്ക്ക് നിയമാനുസൃതമായി നിലനിൽക്കണമെങ്കിൽ സഭാഭരണഘടനയ്ക്ക് വിധേയമാകേണ്ടി വന്നിരിക്കുകയാണ്. കോടതിവിധിയും സഭാഭരണഘടനയും ആ ഇടവകയ്ക്ക് ബാധകമായിരിക്കുന്ന സാഹചര്യത്തിൽ ഈ ഭദ്രാസനവും ഭദ്രാസനകേന്ദ്രവുമായി സഹകരിക്കുവാൻ നിങ്ങൾ നിർബന്ധിതമായിരിക്കുന്നു. ഇത് ദൈവഹിതമായി കണ്ട് വിവേകപൂർവ്വം നമ്മുടെ ഈ ഉപദേശവുമായി സഹകരിക്കാൻ സ്നേഹബുദ്ധ്യാ നാം ഉപദേശിക്കുന്നു. കേസിൽ തോറ്റു എന്ന ചിന്ത നിങ്ങൾക്ക് ഉണ്ടാകേണ്ടതില്ല. ഇവിടെ ആരും ജയിക്കുകയും തോല്ക്കുകയും ചെയ്തിട്ടില്ല. ചില തർക്കങ്ങൾ പരിഹരിക്കുകയും സംശയങ്ങൾ ദൂരീകരിച്ച് സഭാഭരണം സംബന്ധിച്ച് വ്യക്തത വരുത്തുകയും മാത്രമേ കോടതി ചെയ്തിട്ടുള്ളൂ. ഇനി ഭദ്രാസനവുമായി സഹകരിച്ച് പോകുവാനുള്ള സാധ്യത വേണ്ടവിധം നിങ്ങൾ ഉപയോഗപ്പെടുത്തി ആ ഇടവകയുടെയും ഭദ്രാസനത്തിന്റെയും മലങ്കരസഭയുടെയും നന്മയ്ക്കും ഉൽക്കർഷത്തിനും ദൗത്യനിർവ്വഹണത്തിനും യത്നിക്കണം എന്നത് നമ്മുടെ ഒരു വലിയ ആഗ്രഹമാണ്. ഐക്യപ്പെടുന്ന സാഹചര്യത്തിൽ ഒരു തരത്തിലുള്ള വിവേചനവും വ്യക്തിപരമായും ഇടവകയായും അനുഭവിക്കേണ്ടി വരികയില്ലെന്ന് നാം ഉറപ്പു നൽകുന്നു. നാമെല്ലാവരും ഒരു കൗദാശിക കൂട്ടായ്മയിലെ അംഗങ്ങളാണല്ലോ. കൂടാതെ നാം ഒരിക്കലും നിങ്ങൾക്ക് ഒരു അന്യനായിരുന്നിട്ടില്ലല്ലോ. 1990-98 കാലഘട്ടത്തിൽ നാം ഒന്നിച്ച് സഹകരിച്ച് പ്രവർത്തിച്ചവരാണ്. ആ സൗഹൃദവും സ്നേഹവും തുടർനാളുകളിലും പുലർത്തി ഒരേ സഭാകൂട്ടായ്മയിൽ കഴിയുവാൻ സാഹചര്യം ഒരുക്കുന്നതിന് സഹകരിക്കുവാനായി ആത്മാർത്ഥമായി ആവശ്യപ്പെടുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

ഡോ. തോമസ് അത്താനാസിയോസ്
മെത്രാപ്പോലീത്ത

08-07-2017
ബിഷപ്പ്സ് ഹൗസ്
മൂവാറ്റുപുഴ

മെത്രാപ്പോലീത്തായുടെ കത്ത്

# ഈ അവസരമെങ്കിലും പാഴാക്കരുത്

മലങ്കര സഭാതർക്കം സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ 1995-ലെ വിധിവന്ന നാൾ മുതൽ സഭൈക്യത്തിനുള്ള സാധ്യത നഷ്ടപ്പെടുത്തരുതെന്ന് ഓരോ അനുകൂലസാഹചര്യത്തിലും ഈ പംക്തിയിലൂടെ സഭാംഗങ്ങളെ ഉപദേശിച്ചു വരുന്നു. എങ്കിലും ഫലപ്രാപ്തി ഉണ്ടായിട്ടില്ല. ഈ ജൂലൈ 3 ന് പുതിയ വിധിവന്ന സാഹചര്യം ഒരു നല്ല അവസരമായി പരിഗണിച്ച് സഭയിൽ സമാധാന സ്ഥാപനത്തിന് ഉപയോഗപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നതിനാണ് വീണ്ടും ഇവിടെ ശ്രമിക്കുന്നത്. സഭയിൽ ഐക്യവും സമാധാനവും ഉണ്ടാകണം എന്നത് സഭയുടെ അടിസ്ഥാനപരമായ ആവശ്യമാണ്. എന്റെ വ്യക്തിപരമായ ഒരു സ്വപ്നവും.

കാരണങ്ങൾ:

(1) മലങ്കരസഭയിലെ ഈ ഭിന്നതയ്ക്ക് വിശ്വാസപരമായ ഒരു അടിസ്ഥാനവും ഇല്ല. അതിനാൽ കഴിവതും വേഗം അത് അവസാനിപ്പിക്കേണ്ടതാണ്.

(2) സഭ നിലകൊള്ളുന്നത് ക്രിസ്തുസാക്ഷ്യം നിർവ്വഹിക്കുന്നതിനാണ് (അപ്പോ. പ്ര. 1:8). ഭിന്നതയും അനുബന്ധ അക്രമങ്ങളും എതിർസാക്ഷ്യമാണ്. അത് സഭയുടെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുകയും നിലനിൽപിന്റെ സാധുത നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

(3) തന്റെ ശിഷ്യസമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ച കർത്താവിന്റെ തിരുഹിതത്തിന് വിരുദ്ധവും സുവിശേഷത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതുമാണ് അത്.

(4) കലഹിക്കുന്ന കൂട്ടം-അതു വഴിതന്നെ-രക്ഷാസമൂഹം അല്ലാതായിത്തീരുന്നു. ലോകത്തെ രക്ഷയിലേക്ക് നയിക്കാൻ അതിന് കഴിയാതെ വരും.

(5) സഭയുടെ ഭാവി അപകടത്തിലാക്കുന്നു. സ്വയം ഛിദ്രിക്കുന്ന സമൂഹത്തിന് നിലനിൽപ്പില്ല എന്ന തിരുവചനം ഓർക്കുക.

(6) അന്തഃഛിദ്രം യുവജനങ്ങളെ തീവ്രവാദത്തിനും വിധ്വംസക പ്രവർത്തനങ്ങൾക്കും പ്രേരിപ്പിക്കുന്നു. സ്വതന്ത്രബുദ്ധിയുള്ളവർ സഭ വിട്ടു പോകുകയും സഭാവിരുദ്ധരാകുകയും ചെയ്യുന്നു.

(7) സഭയ്ക്ക് സാമൂഹിക പ്രതിബദ്ധത നിലനിർത്താനോ സമൂഹത്തോടുള്ള കടപ്പാടുകൾ നിറവേറ്റുവാനോ കഴിയാതെ വരുന്നു. സഭയുടെ സമ്പത്തും സമയവും ഊർജ്ജവും പാഴാകുന്നു.

ഭിന്നത നിലനിർത്തണമെന്ന് ശഠിക്കുന്നവർ സഭയുടെ ക്ഷേമത്തിനും അതിന്റെ നിയോഗത്തിനും പ്രാമുഖ്യം നൽകുന്നില്ല. അവരുടെ സ്വാർത്ഥ താല്പര്യങ്ങളാണ് അവരുടെ പ്രവർത്തനത്തിനുള്ള പ്രേരണയും ജീവിതലക്ഷ്യവും. ഇക്കാര്യം തിരിച്ചറിഞ്ഞ് സഭയുടെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കുവാനുള്ള ബാധ്യത എല്ലാ സഭാംഗങ്ങൾക്കുമുണ്ട്.

ജൂലൈ 3-ാം തീയതി ബഹു. സുപ്രീംകോടതി കോലഞ്ചേരി, വരിക്കോലി, മണ്ണത്തൂർ എന്നീ ഇടവകകളുടെ കേസുകൾ പരിഗണിച്ച് ചില അടിസ്ഥാന നിരീക്ഷണങ്ങൾ നടത്തി വിധി പുറപ്പെടുവിച്ചിരിക്കുകയാണ്. കോടതിയുടെ തീരുമാനങ്ങൾ സഭൈക്യത്തിന് ഇതുവരെ വഴിപ്പെടാതിരിക്കുന്നവരിൽ ഒരു വീണ്ടുവിചാരം സൃഷ്ടിക്കുമെന്നാണ് എന്റെ ചിന്ത.

കോടതിവിധിയുടെ ഉള്ളടക്കം ഏകദേശം ഇങ്ങനെ സംഗ്രഹിക്കാം.

(1) 1995-ലെ വിധി സഭാതർക്കം സംബന്ധിച്ച നീതിന്യായകോടതിയുടെ ആധികാരിക തീരുമാനമാണ്.

(2) സഭയ്ക്കും ഇടവകകൾക്കും സഭാംഗങ്ങൾക്കും 1934-ലെ സഭാഭരണഘടന നിബന്ധിത (binding) മാണ്.

(3) പള്ളിസംബന്ധമായി മുമ്പുണ്ടായിരുന്ന ഉടമ്പടികൾ, 2002-ൽ യാക്കോബായ സുറിയാനി ക്രിസ്ത്യാനിസഭ നിർമ്മിച്ച ഭരണഘടന എന്നിവ സാധുത ഉള്ളവയല്ല.

(4) മലങ്കരസഭയുടെ സഹകരണത്തോടെ വാഴിക്കപ്പെടുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിനു മാത്രമേ ഭരണഘടന പ്രകാരമുള്ള അംഗീകാരവും സ്ഥാനവും ഉണ്ടായിരിക്കുകയുള്ളൂ.

(5) ഇടവകപ്പള്ളികൾ, അവയുടെ സ്വത്തുക്കൾ, സ്ഥാപനങ്ങൾ എന്നിവ മലങ്കരസഭാട്രസ്റ്റിന്റെ ഭാഗമാകയാൽ പ്രശ്നപരിഹാരത്തിനായി സഭാഭരണഘടന അംഗീകരിക്കാത്തവർക്ക് പങ്കുവച്ചുകൊടുക്കുവാൻ ആവില്ല.

(6) ഇടവകകളിൽ സഭാഭരണഘടനയ്ക്ക് വിരുദ്ധമായി സമാന്തര ഭരണ-ശുശ്രൂഷാ ക്രമീകരണങ്ങൾ അനുവദനീയമല്ല.

(7) 1995-ൽ കോടതിവിധി വന്ന് എല്ലാവർക്കും സഭയിൽ ഇടം സൃഷ്ടിച്ചിട്ടും അന്നുമുതൽ ഭിന്നത നിലനിർത്തുവാനാണ് യാക്കോ

ബായ വിഭാഗം ശ്രമിച്ചത്. കോടതിവിധി അവർ മാനിച്ചില്ല. കോടതിയുടെ മേൽനോട്ടത്തിൽ നടന്ന മലങ്കര അസോസയേഷൻ ബഹിഷ്ക്കരിച്ച് ബദൽ കാതോലിക്കയെയും മറ്റ് സ്ഥാനികളേയും സൃഷ്ടിച്ച് അവർ നീതിപീഠത്തിന്റെ നിർദ്ദേശങ്ങൾ ധിക്കരിച്ചു.

(8) പാത്രിയർക്കീസിന് ഉണ്ട് എന്ന് അവകാശപ്പെടുന്ന ആത്മീയ ഔന്നിത്യത്തിന്റെ മേൽവിലാസത്തിൽ കോടതിവിധി ലംഘിച്ച് മലങ്കരസഭയുടെ ഭരണത്തിൽ യാക്കോബായപക്ഷം ഇടപെട്ടു.

(9) ഇന്ത്യൻ പൗരൻ എന്ന നിലയിൽ ആർക്കും എന്തും വിശ്വസിക്കാൻ അവകാശമുണ്ട്. പാത്രിയർക്കീസിന്റെ മേൽക്കോയ്മയിൽ വിശ്വസിക്കാനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഇന്ത്യൻ നിയമസംവിധാനം ക്രമീകരിച്ച മലങ്കരസഭാസംവിധാനത്തിന് പ്രതിസന്ധി സൃഷ്ടിക്കുവാൻ ആർക്കും അവകാശമില്ല.

1995-ലെ കോടതിവിധിയെ സംബന്ധിച്ച് യാക്കോബായക്കാരുടെ ദുർവ്യാഖ്യാനങ്ങൾക്കുള്ള മറുപടിയാണ് ഈ തീരുമാനങ്ങളിൽ പലതും. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ അധികാരം കോടതിവിധിക്ക് ഉപരിയാണ്. സഭാഭരണഘടന ഇടവകകളേയും സഭാംഗങ്ങളേയും ബാധിക്കുകയില്ല. പള്ളികളിൽ ഇടക്കാലത്തുണ്ടാക്കിയ ഉടമ്പടികൾ, യാക്കോബായക്കാർ അടുത്തകാലത്ത് സൃഷ്ടിച്ച ഭരണഘടന എന്നിവയ്ക്ക് നിയമസാധുതയുണ്ട്, എന്നിങ്ങനെയുള്ള വാദങ്ങൾ കോടതി തള്ളി. അതുപോലെ പ്രശ്നപരിഹാരത്തിനായി ഉണ്ടാക്കിയ സമാന്തര-ഭരണ-ആരാധനാ ക്രമീകരണങ്ങൾ നിലനിൽക്കില്ല. ഇടവകയുടെ വസ്തുക്കൾ പങ്കുവയ്ക്കലും അനുവദനീയമല്ല. കാരണം, മലങ്കര സഭാട്രസ്റ്റിൽ നിന്ന് അവ അന്യപ്പെടുത്തുവാൻ പാടില്ല എന്നുള്ളത് വസ്തുതയാണ്. ചുരുക്കത്തിൽ ഭരണഘടനയും അതിൻ പ്രകാരമുള്ള സംവിധാനങ്ങളും അംഗീകരിക്കുന്നവർക്കു മാത്രമേ മലങ്കരസഭയിൽ ഇടമുള്ളൂ. അല്ലാത്തവർ സഭവിട്ടു പോകണം. ഇതാണ് കോടതിവിധിയുടെ ഉള്ളടക്കവും അതിന്റെ പ്രത്യാഘാതങ്ങളും.

മലങ്കര സഭയെ സംബന്ധിച്ചിടത്തോളം 1995-ലെ വിധിക്കുശേഷം അതേപ്പറ്റി ഉയർന്നുവന്നിരുന്ന അവ്യക്തതകൾ മാറി. ഇനിയും സഭാംഗങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് വലിയ അപരാധമായിരിക്കും. ഈ വിധി നൽകുന്ന അവസരവും അനിവാര്യതയും മനസ്സിലാക്കി സമാധാന സാധ്യതകൾ പാഴാക്കാതെ ഐക്യത്തിലേക്കും സമാധാനത്തിലേക്കും വരുവാനുള്ള സന്മനസ്സും ദീർഘവീക്ഷണവും സഭാസ്നേഹവുമാണ് യാക്കോബായ സഹോദരങ്ങൾ പ്രകടമാക്കേണ്ടത്. ഈ പുനരൈക്യം അനായാസവും ഹൃദ്യവും ആക്കിത്തീർക്കുവാനുള്ള പക്വതയും വിവേകവും ഓർത്തഡോക്സ് സഭ കാണിക്കുകയും വേണം. കോടതിയിൽ നിലനിന്നിരുന്ന വ്യവഹാരം അടിസ്ഥാനപരമായി ഒരു സിവിൽ വിഷയമാണ്. അത് സംബന്ധിച്ച് അവസാനതീരുമാനവുമായി. മലങ്കരസഭയുടെ പള്ളികൾ, സ്വത്തുക്കൾ, സ്ഥാപനങ്ങൾ ഇവയുടെ ഉടമസ്ഥത, കാര്യകർത്തൃത്വം, അവകാശം, ഗുണഭോഗം എന്നിവ 1995-ലെ കോടതി തീരുമാനപ്രകാരം സഭാഭരണഘടന അംഗീകരിച്ചവർക്ക് മാത്രമാണ്. ഭരണഘടന അംഗീകരിക്കാത്തവർക്ക് സഭാംഗത്വം വഴി സിദ്ധിച്ചിരുന്ന സഭാഭരണത്തിലുള്ള പങ്കാളിത്തത്തിനും സഭാംഗങ്ങൾ എന്ന നിലയിലുള്ള അവകാശാധികാരങ്ങൾക്കും അർഹതയില്ലാത്തതാകുന്നു. മലങ്കരസഭയുടെ സെമിത്തേരിയിൽ ശവസംസ്കാരത്തിനുള്ള അർഹത പോലും നഷ്ടമാകുന്നു. എന്നാൽ ഭരണഘടന അംഗീകരിച്ച് സഭാസംവിധാനത്തോട് സഹകരിക്കുന്നവർക്ക് എല്ലാ ആനുകൂല്യങ്ങളും കോടതി നൽകുന്നു. അതായത് ഒരേസമയം തന്നെ നിയമം അനാദരിക്കുന്നവർക്ക് നിരോധനവും അത് അനുസരിക്കുന്നവർക്ക് അവകാശങ്ങളും നൽകുന്ന, മലങ്കരസഭയിൽ അനാവശ്യാമായി സൃഷ്ടിക്കപ്പെട്ട ഇന്നത്തെ പ്രശ്നങ്ങൾക്ക് പൂർണ്ണ വിരാമമിടാൻ പോരുന്ന, വിധിന്യായമാണ് 2017 ജൂലൈ 3-ാം തീയതി ഇന്ത്യയിലെ പരമോന്നത കോടതി പുറപ്പെടുവിച്ചിട്ടുള്ളത്.

സാധാരണഗതിയിൽ കേസുകളിൽ വിധി വരുമ്പോൾ നേട്ടം അവയിലെ ഒരു കക്ഷിക്കായിരിക്കും. എന്നാൽ ഇവിടെ അങ്ങനെയല്ല. കേസ്സിൽ പരാജയപ്പെട്ടവർക്കും നിബന്ധനകൾ അംഗീകരിച്ച് വിജയിച്ചവർക്കുമൊപ്പം അവകാശം നേടാൻ സാധ്യത നൽകുന്ന വിധിയാണിത്. 1995-ൽ കോടതി നൽകിയ അനുരഞ്ജനാത്മകമായ വിധിയുടെ സാധ്യത ഏതെങ്കിലും കാരണത്താൽ നഷ്ടപ്പെടുത്തിയവർക്ക് ഒരു കർശനവിധിയിലൂടെ വീണ്ടും അവസരം നൽകിയിരിക്കുകയാണിപ്പോൾ. സഭൈക്യത്തിന് ദൈവം സൃഷ്ടിച്ചു തന്ന ഒരു പ്രത്യേക സൗജന്യമായി ഇതിനെ മനസ്സിലാക്കണം. ഭാരതത്തിലെ നീതിന്യായ സംവിധാനത്തോടുള്ള ആദരവും സഭയുടെ ഭാവിയെപ്പറ്റിയുള്ള കരുതലും പൊതുസമൂഹത്തിൽ സഭയുടെ സാക്ഷ്യവും. അടിസ്ഥാനപരമായി സന്മനസ്സുമുള്ള ഒരു സഭാംഗത്തിന് ഈ അവസരം നഷ്ടപ്പെടുത്തുവാൻ സാധ്യമല്ല എന്നാണ് എന്റെ തോന്നൽ.

ഈ വിധി, യാക്കോബായക്കാർക്ക് ഇന്ത്യൻ ഭരണഘടന നൽകുന്ന വ്യക്തി-മത ആരാധാനാ സ്വാതന്ത്ര്യങ്ങളൊന്നും നിഷേധിക്കുന്നില്ല. നേരെമറിച്ച് നിയമം

അനുസരിക്കുന്നവർക്ക് അവ ഉറപ്പാക്കുകയും പുന:സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. കോടതിവിധി അംഗീകരിച്ച് മലങ്കരസഭയുടെ ഭരണഘടന സ്വീകരിക്കുകയും അതിന് നൽകിയ വിധിതീർപ്പ് ആദരിക്കുകയും ചെയ്തവർ പള്ളിക്ക് പുറത്താകുന്ന സാഹചര്യമായിരുന്നു യാക്കോബായക്കാർ അന്യായമായി കൈവശം വച്ചിരിക്കുന്ന ഇടവകകളിൽ സംഭവിച്ചുകൊണ്ടിരുന്നത്. ഇപ്പോഴത്തെ വിധിയോടെ ഇതിന് മാറ്റം വരികയാണ്. വിധി അംഗീകരിക്കുന്നപക്ഷം വിമതരായിരുന്നവർക്കും നിയമപരമായി ഇടവകയിലുള്ള ആരാധന-മത-സ്വാതന്ത്ര്യങ്ങൾ പുന:സ്ഥാപിച്ചു കിട്ടുന്നു. എന്നാൽ നിയമത്തിന് വഴങ്ങാത്തവർ സഭാസംവിധാനത്തിൽ നിന്നും പുറത്താകുന്നു. സഭയിൽ അവർക്ക് അവകാശങ്ങൾ നഷ്ടപ്പെടുമെങ്കിലും അവരുടേതായ സൗകര്യങ്ങൾ നിയമപരമായി സൃഷ്ടിച്ച് അവിടെ മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാനുള്ള സ്വാതന്ത്ര്യം കോടതിവിധി നിഷേധിക്കുന്നില്ല. ഇവിടെ-മലങ്കരസഭയിൽ-സ്വാതന്ത്ര്യ നിഷേധം വ്യക്തിക്കല്ല, നിയമവിരുദ്ധമായ പ്രവർത്തനത്തിനാണ്. ഇത് ഏതുസഭയിലെയും കാര്യമല്ലേ. ജനത്തെ വഴിതെറ്റിച്ച് അനധികൃതമായി മലങ്കരസഭയുടെ പള്ളികളിൽ കയറിയിറങ്ങുകയും അധികാര പ്രയോഗത്തിന് ശ്രമം നടത്തുകയും ചെയ്യുന്ന യാക്കോബായ പുരോഹിത നേതാക്കൾക്കാണ് വിലക്ക് വീണിരിക്കുന്നത്. ഈ സഭയിലുള്ള അവരുടെ സ്വാതന്ത്ര്യത്തിലാണ് കോടതി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഭൈക്യത്തിന് തയ്യാറായി നിബന്ധനകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സഭാപ്രവേശനവും മലങ്കര സഭ അനുഭാവപൂർവ്വം പരിഗണിക്കാൻ തയ്യാറാവുക തന്നെ ചെയ്യും. എന്നാൽ സഭയിൽ ലഭ്യമാകാവുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ തയ്യാറല്ലാത്തപക്ഷം സ്വന്തം ഇഷ്ടപ്രകാരമുള്ള സംവിധാനങ്ങൾ സൃഷ്ടിച്ച് മതജീവിതം നടത്തുകമാത്രമാണ് ഒരു പോംവഴി. യാക്കോബായ സഭയിലെ പുരോഹിത നേതാക്കന്മാർ നിയമാനുസൃതമല്ലാതെ നേടിയ സ്ഥാനങ്ങൾ നിയമമനുസരിക്കാതെ സംരക്ഷിക്കുവാനായി ജനത്തെ തെറ്റിദ്ധരിപ്പിച്ച് ചൂഷണം ചെയ്യുന്നത് സാധാരണ വിശ്വാസികളും സന്മനസ്സുള്ള വൈദീകരും തിരച്ചറിയണം. 1934-ലെ ഭരണഘടന അംഗീകരിക്കുക എന്നതാണല്ലോ സഭാംഗത്വം നിലനിർത്തുന്നതിനും പള്ളിയിലും സെമിത്തേരിയിലും അവകാശങ്ങൾ ലഭിക്കുന്നതിനും കോടതി നിർദ്ദേശിക്കുന്ന ഏക ഉപാധി. ഇതൊരു വലിയ പാതകമൊന്നുമല്ല. താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക.

(1) 1958-ൽ സഭയോജിച്ചപ്പോൾ അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിലെ-ഇന്നും യാക്കോബായക്കാർ ആദരിക്കുന്ന-വയലിൽപറമ്പിൽ മാർ ഗ്രീഗോറിയോസ്, പൗലോസ് മാർ സേവേറിയോസ്, പൗലോസ് മാർ ഫിലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാർ സന്തോഷപൂർവ്വം അംഗീകരിച്ച് വിധേയത്വം പ്രഖ്യാപിച്ച ഭരണഘടനയാണിത്.

(2) യോജിച്ച സഭയിൽ 1958-75 കാലഘട്ടത്തിൽ പ്രാബല്യത്തിലിരുന്നതാണ് ഈ ഭരണക്രമീകരണ രേഖ. ഈ കാലത്തൊന്നും ഇതു സംബന്ധിച്ച് യാതൊരു ആക്ഷേപവും മുൻ പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന് ഉണ്ടായില്ല.

(3) യോജിച്ച സഭയിൽ ഈ ഭരണഘടന പരിഷ്ക്കരിക്കുന്നതിനായി സഭ നിയോഗിച്ച സമിതിയുടെ തലവൻ പാത്രിയർക്കീസ് കക്ഷിയുടെ ഉന്നതനായ നേതാവ് പുളിക്കപ്പറമ്പിൽ പ്രൊഫ. പി.പി. ജോസഫ് കോർ എപ്പിസ്കോപ്പാ ആയിരുന്നു. അതായത് പാത്രിയർക്കീസ് വിഭാഗത്തിന്റെ സഹകരണത്തോടെ പരിഷ്ക്കരിച്ച ഭരണഘടനയാണ് ഇപ്പോൾ കോടതി വീണ്ടും അംഗീകരിച്ച് ഉറപ്പിച്ചിട്ടുള്ളത്.

(4) പാത്രിയർക്കീസ് കക്ഷിയുടെ ആവശ്യവും താല്പര്യവും പരിഗണിച്ച് 1995-ൽ സുപ്രീംകോടതി ജനാധിപത്യവൽക്കരിച്ചതാണ് ഈ ഭരണരേഖ.

(5) 1995-ലെ കോടതിവിധിക്കു ശേഷം അന്നുണ്ടായിരുന്ന ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാ ഉൾപ്പെടെ എല്ലാ മേൽപ്പട്ടക്കാരും ഈ ഭരണഘടന അംഗീകരിച്ചതാണ്.

ഈ സാഹചര്യത്തിൽ ഈ ഭരണഘടനയ്ക്ക് എതിരെ യാക്കോബായപക്ഷം ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിൽ ധാർമ്മികമോ, നിയമപരമോ ആയ ഒരു അടിസ്ഥാനവുമില്ലെന്ന് വിശ്വാസികൾ മനസ്സിലാക്കേണ്ടതാണ്.

2002-ലെ ഭരണഘടന വഴി പരി. പാത്രിയർക്കീസിന് സർവ്വ അധികാരങ്ങളും യാക്കോബായക്കാർ നൽകി. അതനുസരിച്ച് പാത്രിയർക്കീസ് ബാവ സഭാകാര്യങ്ങളിൽ ഇടപെട്ടപ്പോൾ സമീപകാലത്ത് ആ സഭയിലുയർന്ന അസ്വസ്ഥതകൾ ഏവർക്കും അറിവുള്ളതാണ്. ഇപ്പോൾ 2002-ലെ ഈ ഭരണഘടന നിയമവിരുദ്ധമായി നിർമ്മിച്ചതാണ് എന്ന് കോടതി വിധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 1934-ലെ ഭരണഘടനയിലേക്ക് തിരിച്ചുവരിക യാക്കോബായക്കാർക്ക് സാങ്കേതികമായും ധാർമ്മികമായും സുകരമായിരിക്കുകയാണ്.

രണ്ടാമതായി, സഭായോജിപ്പിന് തടസ്സമായി ആരോപിക്കപ്പെടുന്ന കാര്യം പരി. അന്ത്യോഖ്യാ

പാത്രിയർക്കീസിനെ മലങ്കരസഭ ആദരിക്കുന്നില്ല എന്നതാണ്. സഭ ഭിന്നിച്ചു നിന്നപ്പോൾ ഓർത്തഡോക്സ് വിഭാഗം രൂപം കൊടുത്ത ഭരണഘടനയിൽ സഭൈക്യത്തെ മുന്നിൽ കണ്ടും അബ്ദുൾ മിശിഹാ പാത്രിയർക്കീസിന്റെ കല്പന അ നുസരിച്ചും കാനോൻ അനുശാസിക്കുന്ന ആദരവും ബന്ധവും നിലനിർത്തിയിട്ടുണ്ട്. ഇതിന് അതീതമായി യാതൊന്നും യോജി ച്ച സഭയിലെ മുൻപാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാപ്പോലീത്താമാർ ആവശ്യപ്പെട്ടിട്ടില്ല. സഭാഭരണഘടന പരിഷ്ക്കരിച്ചപ്പോൾ സമിതിയിലുണ്ടായിരുന്ന മുൻ പാത്രിയർ ക്കീസ് പക്ഷത്തെ അംഗങ്ങളും ആവശ്യപ്പെടാത്ത കാര്യമാണ് ഈ ആരോപണം. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

(1) സഭയുടെ ആധികാരിക നിയമസംഹിത ഹൂദായ കാനോനാണ്. ഒമ്പതാം നൂറ്റാണ്ടിൽ പാത്രിയർക്കീസും കാതോലിക്കായും ചേർന്ന് വിളിച്ചുകൂട്ടിയ കഫർതൂത്താ സുന്നഹദോസിന്റെ തീരുമാനമാണ് പാത്രിയർക്കീസിന്റെ സ്ഥാനം സംബന്ധിച്ച അതിലെ വകുപ്പുകൾക്ക് അടിസ്ഥാനം. അതായത് കാനോനികമായ പരിരക്ഷ ഇതു സംബന്ധിച്ച ഭരണഘടനയിലെ വകുപ്പുകൾക്കുണ്ട്.

(2) അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള ആരോഗ്യകരമായ ബന്ധം നിലനിർത്തുന്നതിന് മലങ്കരസഭ ആഗ്രഹിക്കുന്നു. അതുകൊണ്ട് സഭ രണ്ടുകാര്യങ്ങൾ ശ്രദ്ധിച്ചു. (a) ആ ബന്ധം വ്യവസ്ഥാപിതാമായിരിക്കണം. അന്ത്യോഖ്യായുടെ കൈകടത്തലുകൾ മലങ്കര സഭാഭരണത്തിൽ ഉണ്ടാകരുത്. (b) ആ ബന്ധം നിലനിൽക്കണം. അതുകൊണ്ട് ഭരണഘടനയിലെ പ്രഖ്യാപനങ്ങളിൽ ത്തന്നെ ഉൾപ്പെടുത്തി ഈ ബന്ധത്തെ ഭരണഘടനാധിഷ്ഠിതമാക്കി.

(3) ആ ബന്ധം യഥാർത്ഥമാക്കിക്കൊണ്ട് 1964-ൽ പരി. യാക്കോബ് ത്രിതീയൻ പാത്രിയർക്കീസ് ബാവായെ ക്ഷണിച്ച് പരി. ഔഗേൻ ബാവയുടെ സ്ഥാനാരോഹണത്തിലെ മുഖ്യകാർമ്മികനാക്കി.

(4) 1970-കളിൽ ഭരണഘടനയും കാനോനും ധിക്കരിച്ച് പാത്രിയർക്കീസ് ബാവാ ഇവിടെയൊരു സമാന്തരഭരണ സംവിധാനം സൃഷ്ടിച്ചു.

(5) എങ്കിലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനത്തെ ബഹുമാനിച്ച് ആരാധന-ശുശ്രൂഷാക്രമങ്ങളിലും ഭരണഘടനയിലും ഒരു ഭേദഗതിയും വരുത്തിയില്ല.

(6) 1995-ലെ വിധിക്കുശേഷം പാത്രിയർക്കീസിന്റെ സ്ഥാനം ആദരിക്കുമെന്ന് കോടതിയിൽ സത്യവാങ്മൂലം നൽകി. 1998-ൽ പരി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ ഇക്കാര്യം ഉറപ്പാക്കിക്കൊണ്ട് പൊതു കല്പന ഇറക്കി.

(7) സിറിയയിലും മറ്റുമുണ്ടായ ദൗർഭാഗ്യകരമായ രാഷ്ട്രീയ-മത-പീഡനങ്ങൾക്കിടയിൽ അവിടത്തെ സഭാംഗങ്ങൾക്കുവേണ്ടി മലങ്കരസഭ ഭീമമായ ഒരു തുക സമാഹരിച്ചു നൽകി. ഈവിധത്തിലെല്ലാം ആ ബന്ധത്തെ യാഥാർത്ഥ്യബോധത്തോടെ മലങ്കരസഭ ആദരിക്കുന്നു എന്ന് യാക്കോബായ സഹോദരങ്ങൾ തിരിച്ചറിയണം.

അന്ത്യോഖ്യൻ ബന്ധം ദുർബലമാകുവാൻ വർത്തമാനകാലത്തുണ്ടായ യഥാർത്ഥ സാഹചര്യം എന്താണ്?

(1) കോടതിയുടെ 1995-ലെ അനുരഞ്ജനാത്മക വിധി ധിക്കരിച്ച് ഇവിടെ പാത്രിയർക്കീസ് പക്ഷത്തെ ഒരു വിഭാഗം സമാന്തര ഭരണസംവിധാനം സൃഷ്ടിച്ചു.

(2) ഇവിടത്തെ കാനോനികവും നിയമാനുസൃതവുമായ കാതോലിക്കേറ്റിനെതിരെ ശ്രേഷ്ഠ കാതോലിക്കായെ സൃഷ്ടിച്ച് ഐക്യശ്രമം തകർത്തു.

(3) മലങ്കരസഭയെ അന്ത്യോഖ്യൻ സഭയുടെ ഭരണഘടനയിൽ സഭയായി അംഗീകരിക്കാൻ തയ്യാറാകാതെ സുറിയാനിസഭയുടെ ആളില്ലാത്ത ഭദ്രാസനങ്ങളിലൊന്നാക്കി അതിന്റെ അസ്തിത്വം നിഷേധിച്ചു.

അതായത് കോടതിവിധി ധിക്കരിച്ചും ബദൽ കാതോലിക്കേറ്റ് സൃഷ്ടിച്ചും മലങ്കരസഭയെ വെറും ഒരു ഭദ്രാസനമായി തരംതാഴ്ത്തിയും ഈ സഭ നൽകുന്ന ആദരവും സ്ഥാനവും നിഷേധിച്ചതിനുള്ള ഉത്തരവാദിത്തം മലങ്കരസഭയ്ക്കല്ല; ഇവിടത്തെ യാക്കോബായ സഹോദരങ്ങൾക്കും അന്ത്യോഖ്യാ പാത്രിയർക്കീസിനും തന്നെയാണ്. അതായത്, 1995-ലെ കോടതിവിധി പാത്രിയർക്കീസ് ബാവയ്ക്ക് ഭരണഘടന പ്രകാരമുള്ള ഇടവും പദവിയും ഈ സഭയിൽ ഉറപ്പിച്ച് സഭ ഏകമാക്കാൻ സാഹചര്യമൊരുക്കി മലങ്കരസഭയ്ക്ക് മുഴുവൻ അദ്ദേഹത്തെ സ്വീകാര്യനാക്കി. എന്നാൽ പാത്രിയർക്കീസിന്റെ ഇവിടത്തെ ആരാധകർ അദ്ദേഹത്തെ അവരുടെ സ്വകാര്യ നേതാവാക്കിക്കൊണ്ട് മലങ്കരസഭ നൽകുന്ന ആദരവും സ്ഥാനവും നഷ്ടപ്പെടുത്തി അദ്ദേഹത്തെ ഈ സഭയ്ക്ക് ആരുമല്ലാതാക്കി. ഇതിന് ഓർത്തഡോക്സുകാരെ പഴിച്ചിട്ട് കാര്യമുണ്ടോ? സഭാപ്രശ്നം പാത്രിയർക്കീസ് ബാവയുമായി സംസാരിച്ചു തീർക്കാമെന്ന് മലങ്കരസഭയുടെ സുന്നഹദോസിന്റെ തീരുമാനപ്രകാരം പരി. കാതോലിക്കാബാവയുടെ പരി. പാത്രിയർക്കീസ് ബാവയ്ക്കുള്ള കത്തിന് ഇടംകോലിട്ടതും ഇവിടത്തെ യാക്കോബായ മേൽപ്പട്ടക്കാർതന്നെ. സർവ്വാധികാരവും പാത്രിയർക്കീസിന് നൽകുന്നു

എന്ന് പറയുന്നവർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി ചെറുതാക്കുന്ന കാര്യം യാക്കോബായക്കാർ തിരിച്ചറിയാത്ത വിഷയമാണ്. സഭൈക്യത്തെപ്രതി നിയമപരമായി പ്രശ്നം തീർക്കുകയാണെങ്കിൽ പാത്രിയർക്കീസിനെ തുടർന്നും അംഗീകരിക്കുന്ന കാര്യത്തിൽ ഓർത്തഡോക്സ് സഭയിൽ രണ്ടുപക്ഷമില്ല. ഒരു സ്വതന്ത്ര സഭയെന്ന നിലയിൽ മലങ്കരസഭയ്ക്ക് എല്ലാ വൈദീക-ആത്മീക ശുശ്രൂഷകൾക്കും അവകാശമുണ്ട്. പുതിയ കോടതി വിധി പ്രകാരം പാത്രിയർക്കീസിന്റെ അധികാരം 'vanishng point' ലാണ്. എങ്കിലും അദ്ദേഹത്തെ ആദരിക്കുവാനുള്ള മലങ്കരസഭയുടെ സന്നദ്ധത യാക്കോബായ സഭാനേതാക്കന്മാരുടെ ദുഷ്പ്രചാരണം വഴി സഭാംഗങ്ങൾ മനസ്സിലാക്കാതെ പോകരുത്.

2002-ൽ കാര്യസാധ്യത്തിനായി യാക്കോബായക്കാർ സൃഷ്ടിച്ച ഭരണഘടനയിൽ പാത്രിയർക്കീസിന് അവർ നൽകിയ നിരുപാധികവും അനിയന്ത്രിതവുമായ അധികാര-ഇടപെടൽ സാധ്യതകളുടെ തിക്തഫലങ്ങൾ അവർതന്നെ അടുത്തകാലത്ത് അനുഭവിച്ചറിഞ്ഞല്ലോ. 2002-ലെ പ്രസ്തുത ഭരണഘടന സുപ്രീംകോടതി അസാധുവാക്കിയപ്പോൾ പാത്രിയർക്കീസുകാർ സ്വയം ഉണ്ടാക്കിയ ഭരണഘടനാപരമായ അടിമത്തത്തിൽ നിന്ന് അവർ മോചനം പ്രാപിച്ചിരിക്കുകയാണ്. ഇത് സഭയുടെ ഐക്യത്തിനും സഭയുടെ നല്ലഭാവിക്കുമായി ദൈവം ഒരുക്കിയിരിക്കുന്ന ശുഭാവസരമാണ്. അതുകൊണ്ട് ഈ സന്ദർഭത്തിൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായി വ്യവസ്ഥാപിത ബന്ധം സ്ഥാപിച്ച് പരി. അബ്ദുൽ മ്ശിഹാ പാത്രിയർക്കീസിന്റെ ആഗ്രഹം ചരിത്രത്തിൽ ഫലപ്രദമായി നിലനിർത്തുവാൻ മലങ്കരസഭയ്ക്കും അവസരം വന്നുചേർന്നിരിക്കുകയാണ്. സഭയുടെ എല്ലാ നന്മകൾക്കുമായി ദൈവം കനിഞ്ഞു നൽകിയ അവസരമായി കണ്ട് ഇതിനെ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

സഭൈക്യം പിതാക്കന്മാരുടെ നിലപാടുകളുടെ നിഷേധമാണെന്ന ചിന്തയും യാക്കോബായക്കാർ വച്ചുപുലർത്തുന്നുണ്ട്. മനുഷ്യൻ സത്യത്തിനും തിരിച്ചറിവിനുമാണ് വില നൽകേണ്ടത്. പിതൃക്കളുടെ വിശ്വാസാചാരങ്ങൾക്കല്ല. അങ്ങനെയായിരുന്നെങ്കിൽ ഹൈന്ദവരായിരുന്ന നമുക്ക് ക്രിസ്ത്യാനികളാകുവാൻ സാധിക്കുമായിരുന്നില്ല. ഇതു കൂടാതെ നാം എത്രപ്രാവശ്യം സഭയും വിശ്വാസവുമെല്ലാം മാറിയവരാണെന്ന് ചരിത്രം സാക്ഷിക്കുന്നുണ്ട്. കല്ദായ, കത്തോലിക്കാ സഭകൾ വിട്ടൊഴിഞ്ഞാണല്ലോ നാം അന്ത്യോഖ്യൻ സഭാവിശ്വാസത്തിൽ എത്തിയത്. അതുകൊണ്ട് തിരിച്ചറിവിൻ പ്രകാരം അഭിപ്രായങ്ങളും നിലപാടും മാറാൻ സാധിക്കുകയാണ് സത്യത്തോടുള്ള പ്രതിബദ്ധതയുടെയും വളർച്ചയുടെയും ആധാരം.

എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സഭയിൽ വിഭജനം നടന്നത് സത്യത്തിന്റെയും തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ആയിരുന്നില്ല. പ്രാദേശികതയുടെയും വ്യക്തിബന്ധങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു. കോനാട്ട് മാത്തൻ മല്പാന്റെയും കൊച്ചുപറമ്പിൽ മാർ കൂറിലോസിന്റെയും സ്വാധീനത്തിൽ വടക്കുള്ളവർ പാത്രിയർക്കീസ് പക്ഷത്തും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ സ്വാധീനത്തിൽ തെക്കുള്ളവർ മെത്രാൻ കക്ഷിയിലും കോട്ടയത്തെ അത്മായ നേതാക്കന്മാരുടെ സ്വാധീനത്തിൽ കോട്ടയം പ്രദേശത്തുള്ളവർ ഇരുപക്ഷത്തുമായും ധ്രുവീകരിച്ചു എന്നതാണ് യാഥാർത്ഥ്യം. വ്യക്തിബന്ധവും സ്വാധീനവുമായിരുന്നു സഭാവിഭജനത്തിൽ നിർണ്ണായകം. സഭയുടെ ഭാവിയേക്കാൾ വ്യക്തിപരമായ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും തന്ത്രങ്ങൾക്കുമെല്ലാം പ്രാധാന്യം നൽകി സഭയെ രണ്ടാക്കിയ വഴക്കിന്റെ തലതൊട്ടപ്പന്മാരോടു ചേർന്ന് നാം എന്തിന് പക്ഷം പിടിക്കണം? നമ്മുടെ മാതാപിതാക്കന്മാരും ഇടവകയും ഭദ്രാസനവും അവലംബിച്ച സങ്കുചിത താല്പര്യങ്ങളിൽ നിന്ന് മോചിതരായി ഏക മലങ്കരസഭയ്ക്കും അതിന്റെ സാക്ഷ്യത്തിനുമായി ലഭിച്ച തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ ഒരു സ്വതന്ത്ര സഭയ്ക്കുവേണ്ടി ശ്രമിക്കുന്നതല്ലേ ശരിയും ന്യായവും യഥാർത്ഥ സഭാസ്നേഹവും? മാത്രമല്ല, പൂർവ്വികർ അവരുടെ ചുറ്റുപാടുകളുടെ പരിമിതികൾ, അറിവുകുറവ്, ആശയ കൈമാറ്റത്തിന്റെയും പ്രതിപ്രവർത്തനത്തിന്റെയും സാധ്യത കുറവ്, സ്വന്തമായി കാര്യങ്ങൾ വിലയിരുത്തുവാനുള്ള പ്രാപ്തിയില്ലായ്മ എന്നിവെയെല്ലാംകൊണ്ട് അവർ എടുത്ത നിലപാടുകൾ പുതിയ തിരിച്ചറിവുകളുടെ വെളിച്ചത്തിൽ നാം തിരുത്തുകയല്ലേ വേണ്ടത്? അത് അവരെ അനാദരിക്കലല്ല. കാരണം, തിരുത്തൽ ഒരിക്കലും ബഹുമാനക്കുറവിന്റെ സൂചനയല്ലല്ലോ. മുൻതലമുറകളോടും ഇന്നത്തെ സഭാനേതാക്കന്മാരോടുമുള്ള വികാരപരമായ സമീപനം വിട്ട്, താത്വികവും വിവേകപരവും നീതിപൂർവ്വവുമായ തിരിച്ചറിവുകൾ നമ്മെ നയിക്കുമ്പോൾ പഴയകാല ചരിത്രത്തിന്റെ വൈകാരിക സ്വാധീനത്തിൽ നിന്ന് നാം സ്വതന്ത്രരാവുകയാണെന്നോർക്കണം. സഭയെ സംബന്ധിച്ച ക്രിസ്തുവിന്റെ സങ്കല്പവും ഓർത്തഡോക്സ് സഭയുടെ വേദശാസ്ത്രവും ആധുനിക മനുഷ്യന്റെ ലോക-ജീവിതവീക്ഷണങ്ങളുമാണ് നമുക്ക് നേടേണ്ടതായുള്ളത്.

സ്വാർത്ഥരും, സ്ഥാനമോഹികളും, കുത്സിത ചിന്തകരുമായ മതനേതാക്കളുടെ ഗൂഢതന്ത്രങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കി സ്വതന്ത്ര നിലപാട് സ്വീകരിക്കുവാനുള്ള ആർജ്ജവവും തന്റേടവും വ്യക്തികളും ഇടവകകളും കാണിക്കുന്നതുവഴി നാം പൂർവ്വപിതാക്കന്മാരുടെ വീഴ്ചകൾ സഭയെപ്രതി തിരുത്തി അവരുടെ സ്മരണ കൂടുതൽ ആദരണീയവും ദീപ്തവുമാക്കിത്തീർക്കുകയാണ്.

വിശ്വാസപ്രശ്നമാണ് സഭൈക്യത്തിന് പ്രതിബന്ധമെന്നാണ് യാക്കോബായക്കാരുടെ ഭാഷ്യം. എന്നാൽ പത്രോസ് ശ്ലീഹായുടെ പരമാധികാരവും പരി. അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയിൽ ഉപാധികളില്ലാതെ ഇടപെടുന്നതിനുള്ള അവകാശവുമാണ് വിശ്വാസം എന്നതുകൊണ്ട് അവർ അർത്ഥമാക്കുന്നത്. നാം ഉൾപ്പെടുന്ന, ഒരേ വിശ്വാസം പുലർത്തുന്ന, ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിൽ ആറു സഭകളാണുള്ളത്. കോപ്റ്റിക്, സിറിയൻ, അർമേനിയൻ, ഇന്ത്യൻ, എത്യോപ്യൻ, എറിത്രിയൻ സഭകളാണവ. ഇവയിൽ സുറിയാനി സഭ ഒഴികെ മറ്റെല്ലാം മേൽപ്പറഞ്ഞ കാര്യങ്ങൾ നിരാകരിക്കുന്നു. സുറിയാനി പാത്രീയർക്കീസ് പോലും ഇവ വിശ്വാസകാര്യമായി എടുക്കുന്നില്ല. പാരമ്പര്യ-ഭരണസംവിധാനമായാണ് കണക്കാക്കുന്നത്. ഒരേ വിശ്വാസമുള്ള ഈ സഭകൾ ഒന്നും അംഗീകരിക്കാത്ത കാര്യം അടിസ്ഥാന വിശ്വാസമാക്കിയിരിക്കുന്നത് വഴക്കിന് വിഷയം സൃഷ്ടിക്കാൻ വേണ്ടി മാത്രമാണെന്ന് നാം തിരിച്ചറിയണം. അതായത് ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്നുപോലും വിശ്വാസവിഷയമായി വിലയിരുത്താത്ത കാര്യം ഉന്നയിച്ച് സഭയുടെ പദവി (status) ഇല്ലാത്ത ഇവിടത്തെ യാക്കോബായ ക്രിസ്ത്യാനികൾ അടിസ്ഥാന വിശ്വാസ വിഷയമായി ഉയർത്തിപ്പിടിച്ച് പ്രശ്നം സൃഷ്ടിക്കുന്നു. അതിനോടുള്ള കീഴ്വഴക്കം വിശ്വാസത്തിന്റെ ഉരകല്ലായി വ്യാഖ്യാനിക്കുന്നു!

ഇവിടെയുണ്ടായിരുന്ന പാത്രിയർക്കീസ് പക്ഷത്തിന്റെ ഒരു ഭാഗം 1995-ലെ സുപ്രീംകോടതി വിധിക്കുശേഷം പുലർത്തിയ നിഷേധാത്മക സമീപനവും വിധ്വംസക പ്രവർത്തനങ്ങളുമാണ് മലങ്കരസഭയിൽ പിന്നീടുണ്ടായ എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന് കോടതി നിരീക്ഷിക്കുന്നു. 1995-ൽ അഭിമാനകരമായ ഐക്യത്തിന് കോടതി വിധിയിലൂടെ ദൈവം അവസരം നൽകി. ഓർത്തഡോക്സ് പക്ഷത്തെ ചില വിവരദോഷികളുടെ നിലപാട് ഐക്യത്തിന് സഹായകമായിരുന്നില്ല എന്നത് വസ്തുതയാണ്. എന്നാൽ മലങ്കരസഭയിലെ പങ്കാളിത്തത്തിനായി കോടതി നൽകിയ നിയമപരമായ അവകാശമായി ആ വിധിയെ മനസ്സിലാക്കാതെ യാക്കോബായക്കാർ സ്വന്തം താല്പര്യ സംരക്ഷണം ലക്ഷ്യമാക്കിയവരെ പിന്തുണച്ച് കൈവന്ന സുവർണ്ണാവസരം തുലച്ചു കളഞ്ഞു. ഇപ്പോൾ വന്നിരിക്കുന്ന കൂടുതൽ കൂർത്ത പല്ലുകളുള്ള കോടതിവിധിയുടെ കടി മുറുക്കാനുള്ള സാധ്യത മനസ്സിലാക്കി സഭായോജിപ്പിന് സന്നദ്ധത കാണിക്കുകയാണ് ബുദ്ധി. ഐക്യജനാധിപത്യമുന്നണി നേതാക്കന്മാരുടെ വഴിവിട്ട സംരക്ഷണവും ഒത്താശയും ഇപ്പോഴത്തെ ഇടതുപക്ഷ സർക്കാരിൽ നിന്ന് പ്രതീക്ഷിക്കരുത്. തമ്മിത്തല്ലിൽ രസംപിടിച്ച് വഴക്കിന് ന്യായവും കോടതിവിധികൾക്ക് ദുർവ്യാഖ്യാനവും നൽകുന്ന നേതൃത്വത്തോട് വിടപറഞ്ഞ് കർത്താവിനെയും സുവിശേഷത്തെയും സഭയേയും വരുംതലമുറകളേയും പ്രതി സഭാസംയോജനത്തിന് സഹകരിക്കണമെന്ന് യാക്കോബായ സഹോദരങ്ങളോട് സ്നേഹപൂർവ്വം ഞാൻ ഉപദേശിക്കുന്നു. ഇത് തള്ളിക്കളയാതിരിക്കാനുള്ള നേർബുദ്ധി അവർ കാണിക്കുമെങ്കിൽ എന്റെ സർവ്വവിധ പിന്തുണയും ഞാൻ ഉറപ്പുനൽകുന്നു. അവസരങ്ങൾ ഇനിയും നഷ്ടമാക്കരുത്. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യമുള്ളവർ; അവർ ദൈവത്തിന്റെ മക്കൾ എന്ന് വിളിക്കപ്പെടും (വി. മത്തായി. 5:9).

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത

## അവാർഡ് ലഭിച്ചു

ഞാറക്കാട് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ട്രസ്റ്റി എൻ.ഇ. ഏലിയാസിന് ഇടുക്കി ജില്ലയിലെ മികച്ച മത്സ്യ കർഷകനുള്ള അവാർഡ് ലഭിച്ചു. 10-7-2017 തിങ്കളാഴ്ച തിരുവനന്തപുരത്തു വച്ചു നടന്ന ചടങ്ങിൽ ബഹു. കേരളാ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി. ജെ. മേഴ്സിക്കുട്ടിയമ്മയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി. അദ്ദേഹത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

മാനേ. എഡിറ്റർ

## ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് - 100 രൂ.

ആയുഷ്ക്കാലം - 1000 രൂ.

വിദേശത്ത് - 6000 രൂ. (100 ഡോളർ)

**സംവാദം**

# വിസ്മയനീയനായ സ്രഷ്ടാവ്

**സ്വാമി തേജോമയാനന്ദ**

പ്രപഞ്ചത്തിൽ ഓരോ കാര്യത്തിനും ഓരോ കാരണമുണ്ട്. കാരണം വ്യക്തിയൊ, ശക്തിയൊ ആയിരിക്കാം. ദൃശ്യമോ, അദൃശ്യമോ ആയിരിക്കാം. എന്തായാലും ഒരു കാര്യത്തിന് ഒരു കാരണമില്ലാതെ വരില്ല. കാര്യം കാരണത്തിന്റെ അസ്തിത്വത്തിന് തെളിവാണ്. ലോകത്തുള്ള ഏതൊരു ഉല്പന്നത്തിനും ഒരു ഉല്പാദകൻ ഉണ്ടായിരിക്കും. ഉല്പന്നം ഉള്ള നിലയ്ക്ക് ഉല്പാദകൻ ഇല്ലാതിരിക്കില്ല. ഒരു ഗ്രന്ഥത്തിന് ഒരു ഗ്രന്ഥകാരൻ ഉണ്ടായിരിക്കുമല്ലോ. ഒരു ഗാനത്തിന് അതിന്റെ രചയിതാവുണ്ട്. ഒരു ഡാൻസിന് അത് ചിട്ടപ്പെടുത്തിയ ആളുണ്ട്. ഒരു നാടകത്തിന് നാടകകൃത്തുണ്ട്. ഒരു ഫിലിം അതെത്രതന്നെ നല്ലതാകട്ടെ, മോശമാകട്ടെ അതിനൊരു ഡയറക്ടറും, പ്രൊഡ്യൂസറും, തിരക്കഥാകൃത്തും ഫോട്ടോഗ്രാഫറുമെല്ലാമുണ്ടായിരിക്കും. നാം ഒരു മനോഹരമായ കെട്ടിടം കാണുമ്പോൾ അതു രൂപകല്പനചെയ്ത വാസ്തുശില്പിയെ ഓർക്കുന്നു. നല്ല ഒരു ചിത്രം കാണുമ്പോൾ അതിന്റെ ചിത്രകാരനെ സ്മരിക്കും. ഇവരൊക്കെ ഉണ്ടായിരിക്കുമെന്നത് നിശ്ചയമാണല്ലോ.

അങ്ങനെയെങ്കിൽ നാം ഉൾപ്പെടുന്ന ഈ പ്രപഞ്ചത്തിനും ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കേണ്ടതല്ലേ? ഒരു കർമ്മത്തിന് സംവേദനത്വമുള്ള ഒരു കാർമ്മികൻ കൂടിയേ തീരൂ. രാവണന്റെ പൂങ്കാവനത്തിലെ ഒരു അശോകവൃക്ഷത്തിൻ കീഴിൽ വിഷാദമഗ്നനായി സീതാദേവി ഇരിക്കുകയായിരുന്നു. അപ്പോൾ അതാ ആരോ ശ്രീരാമസ്തുതി ആലപിക്കുന്നത് ഒരു അശരീരി പോലെ കേട്ടു. ഉടനെ ആ ഗീതം പാടിയ ആളിനോട് സ്വയം പ്രത്യക്ഷനാകാൻ ദേവി ആവശ്യപ്പെട്ടു. കാരണം ഗാനം കേട്ടാൽ അതിനൊരു ഗായകനുണ്ട് എന്നതുറപ്പാണ്. നാം ഒരു ഗാനത്തിന്റെ രചയിതാവിനെ കാണണമെന്നില്ല എങ്കിലും നമുക്കറിയാം അങ്ങനെ ഒരാളുണ്ടെന്ന്. അതുപോലെതന്നെ നാം പ്രപഞ്ചസ്രഷ്ടാവിനെ കാണുന്നില്ല. എങ്കിലും അങ്ങനെഒരാളുണ്ടെന്ന് ന്യായമായി അനുമാനിക്കാം സൃഷ്ടിയെ നേരിൽ കാണുമ്പോൾ സ്രഷ്ടാവിന്റെ സാന്നിദ്ധ്യം ഊഹിക്കാവുന്നതല്ലേയുള്ളൂ? ആർക്കാണ് അത് നിഷേധിക്കാനാവുക?

ഒരു കൊശവന് കലം മെനയുവാനുള്ള സാങ്കേതികജ്ഞാനവും നൈപുണ്യവും ഉണ്ടായിരിക്കണം. അനന്തമായ പ്രപഞ്ചത്തിന്റെ സ്രഷ്ടാവിന് അപരിമേയമായ അറിവും കഴിവും ഉണ്ടായേ പറ്റൂ. അതുകൊണ്ട് അദ്ദേഹം സർവ്വജ്ഞാനിയും സർവ്വശക്തനുമത്രേ. അംശം എത്രതന്നെ വലുതായിരുന്നാലും വസ്തുവിനോളം വരില്ല. അതുപോലെതന്നെ പരിമിതനായ വ്യക്തി എത്രതന്നെ ശക്തനും മഹാനും ജ്ഞാനിയും ആയിരുന്നാൽപോലും ജഗദീശ്വരന്റെ സമീപം വെറുമൊരു ബിന്ദുപോലെ മാത്രമേയുള്ളൂ. നിസാരനായ മനുഷ്യൻ അനാദ്യന്തനായ ദൈവത്തെ നിഷേധിക്കുന്നത് സമുദ്രത്തിൽ നിന്നു ജനിക്കുകയും അവിടെത്തന്നെ വിലയം പ്രാപിക്കുകയും ചെയ്യുന്ന തിര സമുദ്രത്തിന്റെ സാന്നിദ്ധ്യം തള്ളിപ്പറയുന്നതുപോലെയാണ്.

ഈശ്വരന് അളവറ്റതും അചിന്തനീയവുമായ ജ്ഞാനവും, ശക്തിയും കഴിവുകളും ഗുണവിശേഷങ്ങളുമുണ്ട്. അദ്ദേഹത്തിന് ദ്രവ്യത്തിൽ നിന്നോ ശൂന്യതയിൽ നിന്നോ ആരെയും എന്തിനെയും നിർമ്മിക്കാൻ കഴിയുന്നു. ഒരിക്കൽ ഒരു ശാസ്ത്രജ്ഞൻ ദൈവത്തോടു പറഞ്ഞു. "അങ്ങ് ആദിമുതൽ സൃഷ്ടികർമ്മം നിർവ്വഹിച്ചുപോരുന്നു. ഞങ്ങൾ ഇന്ന് ക്ലോണിങ് വഴി ഞങ്ങളുടെ വർഗ്ഗത്തെ തന്നെ നിർമ്മിക്കുവാൻ കഴിവുള്ളവരാണ്. അതുകൊണ്ട് അങ്ങേക്ക് ദയവായി വിരമിക്കാം." ദൈവം സമ്മതിച്ചു. എങ്കിലും ഒരു കലം നിർമ്മിച്ച് തന്റെ ശേഷി തെളിയിക്കാൻ ആ ശാസ്ത്രജ്ഞനോട് ആവശ്യപ്പെട്ടു. ശാസ്ത്രജ്ഞൻ കളിമണ്ണെടുത്ത് കലം നിർമ്മിക്കാൻ ആരംഭിച്ചപ്പോൾ ദൈവം പറഞ്ഞു. "നിർത്തൂ, ആദ്യം താങ്കൾ താങ്കളുടേതായ കളിമണ്ണുണ്ടാക്കൂ!"

ശാസ്ത്രജ്ഞന് ഒരു ജീവിയെ ഒരു ജീവകോശത്തിൽ നിന്നേ ക്ലോൺ ചെയ്യാൻ കഴിയൂ. ശൂന്യതയിൽനിന്നോ നിർജ്ജീവ വസ്തുവിൽനിന്നോ സാധ്യമല്ല. അവന് അടിസ്ഥാനദ്രവ്യത്തെയൊ ഊർജ്ജത്തെയോ നിർമ്മിക്കാനാവില്ല. പ്രകൃതിനിയമങ്ങളേയും അങ്ങനെതന്നെ. ഈശ്വരൻ തന്നെയാണ് ഈ പ്രപഞ്ചത്തെയും അതിനെ ഭരിക്കുന്ന നിയമങ്ങളെയും സൃഷ്ടിക്കുക.

(ഡക്കാൺ ക്രോണിക്കിളിനോട് കടപ്പാട്)

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്, വരിക്കോലി സെന്റ് മേരീസ്, മണ്ണത്തൂർ സെന്റ് ജോർജ്ജ് എന്നീ പള്ളികളിൽ അവകാശം ഉന്നയിച്ച് യാക്കോബായ വിഭാഗം ബഹു. സുപ്രീംകോടതിയിൽ നൽകിയ ഹർജികൾ തള്ളിക്കളഞ്ഞുകൊണ്ട് കോടതി പുറപ്പെടുവിച്ച സുപ്രധാനവിധിന്യായത്തിന്റെ സംഗ്രഹം

184. വിധിയിലെ മുകളിൽപ്പറഞ്ഞ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഞങ്ങളുടെ പ്രധാന തീരുമാനങ്ങൾ താഴെപ്പറയുന്നവയാകുന്നു.

i 1934 ലെ ഭരണഘടനയിൽ വ്യക്തമാക്കിയിരുന്ന പ്രകാരം മലങ്കരസഭ എപ്പിസ്കോപ്പൽ സ്വഭാവമുള്ള സഭയാണ്. ഇടവകയിലെ ഭരണകാര്യങ്ങൾ പൂർണ്ണമായും 1934 ലെ ഭരണഘടനപ്രകാരം നിർവ്വഹിക്കപ്പെടേണ്ടതും അതുമാത്രം നിലനിൽക്കുന്നതുമാണ്.

ii 1995 ലെ വിധി (decree) പൂർണ്ണമായും വിധിന്യായത്തിന (judgement) നുസൃതമായിട്ടുള്ളതാണ്. വിധിയും വിധിന്യായവും ത മ്മിൽ യാതൊരു വിധ പൊരുത്തക്കേടുകളും ഇല്ലാത്തതാകുന്നു.

iii സി.പി.സി. ഓർഡർ 1, റൂൾ 8 ഉം 11-ാം വകുപ്പിന്റെ 6-ാം വിശദീകരണം അനുസരിച്ചും പ്രാധിനിദ്ധ്യസ്വഭാവമുള്ള കേസിൽ ഉണ്ടായ 1995 ലെ വിധി, ആ വിധിന്യായത്തിൽ തീരുമാനച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ബാധകവും ആ തീരുമാനങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതില്ലാത്തവിധം തീർപ്പാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത തീരുമാനങ്ങൾ കേസിൽ പേര് പറഞ്ഞിട്ടുള്ളവർക്ക് മാത്രമല്ല, പ്രത്യുത മലങ്കര സഭയിൽ താത്പര്യമുള്ള എല്ലാവർക്കും ബാധകമായിട്ടുള്ളതാകുന്നു. മുമ്പ് തീർപ്പുകല്പിച്ച സമുദായ കേസിലെ തീർപ്പുകളും ഇടവക പള്ളികൾക്കും ഇടവകകാർക്കും യഥാവിധി ബാധകമായിരിക്കും.

iv 1934 ലെ ഭരണഘടന സാധുവും ഇവകപള്ളികൾക്ക് ബാധകവും ആകകൊണ്ട് ഇന്ത്യൻ ഭരണഘടനയിലെ 25, 26 വകുപ്പുകൾ പ്രകാരം ഉണ്ടന്ന് അവകാശപ്പെടുന്ന അധികാരത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഇടവക പള്ളിക്കും 2002-ലേതു പോലുള്ള ഭരണഘടന നിർമ്മിക്കാൻ പാടില്ലാത്തതാണ്. മാത്രമല്ല, പാത്രിയർക്കീസിന്റെ ആത്മീയ മേൽക്കോയ്മയുടെ പേര് പറഞ്ഞ് പള്ളികളിൽ സമാന്തര ഭരണസംവിധാനം ഉണ്ടാക്കുന്നതും അനുവദനീയമല്ല.

v കിഴക്കിന്റെ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രിമേറ്റ് കാതോലിക്കയാകുന്നു. മലങ്കര മെത്രാപ്പോലീത്തയെന്ന നിലയിൽ അദ്ദേഹത്തിന് ആത്മീയ അധികാരങ്ങളും ഉള്ളതാകുന്നു. 1934 ലെ ഭരണഘടന അനുശാസിക്കുന്നപ്രകാരം മലങ്കര മെത്രാപ്പോലീത്തായ്ക്ക് ലൗകീകവും ആത്മീയവുമായ മേഖലകളുടെ ഭരണനിർവ്വഹണത്തിൽ പൂർണ്ണമായ അധികാരം ഉള്ളതാകുന്നു.

vi പാത്രിയർക്കീസിന്റെ ആത്മീയ അധികാരം അസ്തമനബിന്ദുവിലെത്തിക്കഴിഞ്ഞു എന്ന കണ്ടെത്തൽ പൂർണ്ണമായും പ്രാവർത്തികമാക്കേണ്ടതുണ്ട്. തന്മൂലം അദ്ദേഹം വികാരിമാർ, പട്ടക്കാർ, ശെമ്മാശന്മാർ, മേല്പ്പട്ടക്കാർ തുടങ്ങിയവരെ നിയമിച്ചുകൊണ്ട് ഇടവകപള്ളികളുടെ ഭരണനിർവ്വഹണത്തിൽ കൈകടത്തുകയോ അതുവഴി സമാന്തര ഭരണസംവിധാനം സൃഷ്ടിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. അപ്രകാരമുള്ള നിയമനങ്ങൾ 1934 ലെ ഭരണഘടന ഭദ്രാസനങ്ങൾക്കും മെത്രാപ്പോലീത്തമാർക്കും നൽകിയുള്ള അധികാരപ്രകാരമാണ് നടത്തപ്പെടേണ്ടത്.

vii സാർവ്വലൗകീക മനുഷ്യാവകാശ പ്രഖ്യാപനം (UDHR) നൽകുന്ന അവകാശം പ്രയോഗിച്ച് ഏതു വ്യക്തിക്കും ഇടവകയിലെ അംഗത്വം ഉപേക്ഷിക്കാവുന്നതാണെങ്കിലും, ഇടവക പൊതുയോഗത്തിന് ഭൂരിപക്ഷപ്രകാരമോ മറ്റുവിധത്തിലോ ഇടവകപള്ളിയെ മലങ്കരസഭയിൽ നിന്ന് വേർപെടുത്താവുന്നതല്ല. ഒരിക്കൽ രൂപീകരിക്കപ്പെട്ട ട്രസ്റ്റ് എന്നും ട്രസ്റ്റ് തന്നെയായിനിലനിൽക്കും.

viii ഒരു (ഇടവക) പള്ളി ഇടവകാംഗങ്ങളുടെ പ്രയോജനത്തിനുവേണ്ടിയാണ് രൂപീകൃതമായിരിക്കുന്നത് എന്നതുകൊണ്ട് പ്രസ്തുത ഇടവകാംഗങ്ങളുടെ ഭൂരിപക്ഷതീരുമാനപ്രകാരമായാലും അതിന്റെ സ്വത്തോ, ഭരണമോ തട്ടിയെടുക്കാൻ -കൈവശപ്പെടുത്താൻ പാടില്ലാത്തതാകുന്നു. മലങ്കരസഭ ഒരു ട്രസ്റ്റിന്റെ ഘടനയുള്ളതും അതിന്റെ സ്വത്ത് എല്ലാം അതിൽ നിക്ഷിപ്തവുമാകുന്നു. ഇടവകാംഗങ്ങൾക്ക് ഇടവക പള്ളി വിട്ടുപോകാവുന്നതാണെങ്കിലും ഇടവകയുടെ സ്ഥാവരജംഗമവസ്തുക്കളൊന്നും സഭയുടെ അധികാരികളുടെ അനുവാദമില്ലാതെ 1934 ലെ ഭരണഘടനയുടെ

അധികാരപരിധിയിൽ നിന്നും വേർപെടുത്താവുന്നതല്ല.

ix ഈ കേസിലെ അപ്പീൽവാദികൾ പാത്രിയർക്കീസിന് പ്രത്യേക ആത്മീയ അധികാരം സൃഷ്ടിച്ചു നൽകിയത് ഈ കോടതിയുടെ 1995 ലെ വിധിയെ മറികടക്കുന്നതിനുവേണ്ടിയാണ്. പാത്രിയർക്കീസിനും കാതോലിക്കയും മറ്റ് ബന്ധപ്പെട്ടവർക്കും ഈ വിധി ബാധകമാണ്.

x മുകളിൽ നിരീക്ഷിക്കപ്പെട്ടപ്രകാരമുള്ള (ഈ കേസിന്റെ) ചരിത്രപശ്ചാത്തലവും മറ്റ് ആചാരങ്ങളും അനുസരിച്ച് വികാരിമാർ, പട്ടക്കാർ, ശെമ്മാശന്മാർ, മേല്പ്പട്ടക്കാർ തുടങ്ങിയവരെ നിയമിക്കാനുള്ള അധികാരം പാത്രിയർക്കീസ് പ്രയോഗിക്കാവുന്നതല്ല. അതുകൊണ്ട് 2002 ലും അതേ തുടർന്നും ചെയ്തതുപോലെ 1934 ലെ ഭരണഘടനയെ ലംഘിച്ച് സമാന്തര ഭരണസംവിധാനമുണ്ടാക്കാൻ പാത്രിയർക്കീസിനെ അനുവദിക്കാൻ പാടില്ലാത്തതാകുന്നു.

xi പാത്രിയർക്കീസ് ഏകപക്ഷീയമായി അത്തരം അധികാരങ്ങൾ പ്രയോഗിക്കുന്നത് നിമയവിരുദ്ധമാണെന്ന് 1995 ലെ വിധിയിൽ ഈ കോടതി വ്യക്തമാക്കിയിരുന്നതാണ്. പ്രസ്തുത തീരുമാനവും ലംഘിക്കപ്പെടുകയുണ്ടായി. പാത്രിയർക്കീസിന് അപ്രകാരം ഒരു അധികാരം ഉണ്ടെങ്കിൽ എന്ന് 1995 ലെ വിധിയിൽ ഈ കോടതി നിരീക്ഷിച്ചത് ഒരു ബദൽ (alternative) എന്ന നിലയിൽ മാത്രമാണ്. അപ്രകാരം അദ്ദേഹത്തിന് അധികാരമുണ്ടെങ്കിൽ കൂടി അത്, ഈ വിധിന്യായത്തിൽ വിശദീകരിക്കുന്നതുപോലെ, ഏകപക്ഷീയമായി പ്രയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

xii പാത്രിയർക്കീസിന്റെ ആത്മീയ പരമാധികാരത്തിലും അപ്പോസ്തോലിക പിന്തുടർച്ചയിലും ഇടവകാംഗങ്ങൾക്ക് വിശ്വാസിക്കാമെങ്കിലും അവ 1934 ലെ ഭരണഘടനയെ ലംഘിച്ച് വികാരിമാർ, പട്ടക്കാർ, ശെമ്മാശന്മാർ, മേല്പ്പട്ടക്കാർ തുടങ്ങിയവരെ നിയമിക്കാനായി ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

xiii 1934 ലെ ഭരണഘടനയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരം മലങ്കരസഭ എപ്പിസ്കോപ്പൽ സഭയാകുന്നു. അതിൽപ്രകാരം, ഭരണഘടന നിർദ്ദേശിക്കുന്നതുപോലെ ഭദ്രാസനങ്ങളുടെ ആഭ്യന്തര ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനും, ബിഷപ്പുമാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള അവകാശം ഭദ്രാസനങ്ങളിൽ നിക്ഷിപ്തമാണ്.

xiv വികാരിമാരെ നിയമിക്കുന്നത് വിശ്വാസപരമായ കാര്യമല്ല വിശ്വാസേതരമായ നടപടിയാണ്. 1934 ലെ ഭരണഘടനയനുസരിച്ച് വികാരിമാർ, പട്ടക്കാർ, ശെമ്മാശന്മാർ, മേല്പ്പട്ടക്കാർ തുടങ്ങിയവരെ നിയമിക്കുന്നതിൽ ഇന്ത്യൻ ഭരണഘടനയിലെ 25, 26 വകുപ്പുകൾ നൽകുന്ന ഏതെങ്കിലും അവകാശങ്ങളുടെ ലംഘനം ഇല്ല. നിയമാനുസൃതം 1934 ലെ ഭരണഘടന ഭേദഗതി ചെയ്യാത്തിടത്തോളം കാലം, ആത്മീയപരമാധികാരത്തിന്റെ മറവിൽ അത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് പാത്രിയർക്കീസിന് യാതൊരു അധികാരവും ഇല്ലാത്തതാകുന്നു. ഇത് ബന്ധപ്പെട്ട എല്ലാവർക്കും ബാധകമാകുന്നു.

xv ഉടമ്പടികൾ വികാരിമാർ, പട്ടക്കാർ, ശെമ്മാശന്മാർ, മേല്പ്പട്ടക്കാർ തുടങ്ങിയവരെ നിയമിക്കുന്ന കാര്യങ്ങൾ പരാമർശിക്കുന്ന രേഖകളല്ല. മറിച്ചാണെങ്കിൽകൂടി, 1934 ലെ ഭരണഘടന ഒരിക്കൽ അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ വികാരിമാർ, പട്ടക്കാർ, ശെമ്മാശന്മാർ, മേല്പ്പട്ടക്കാർ തുടങ്ങിയവരുടെ നിയമനങ്ങൾ പ്രസ്തുത ഭരണഘടനയനുസരിച്ച് നിർവ്വഹിക്കപ്പെടേണ്ടതാണ്. അപ്രകാരമുള്ള നിയമനങ്ങൾ പാത്രിയർക്കീസിന്റെ ആത്മീയ അധികാരത്തിന്റെ പരിധിയിൽ വരുന്നതല്ല. മലങ്കരസഭയിലെ മറ്റ് സ്ഥാനികളിലും ആത്മീയ അധികാരം നിക്ഷിപ്തമാകുന്നു.

xvi വിവിധതലങ്ങളിൽ ചുമതലകൾ വിഭജിച്ച് നൽകികൊണ്ട് നിർവ്വഹിക്കപ്പെടുന്നതാണ് സഭയുടെ പ്രവർത്തനം. അതു ഒരു വ്യക്തി-അയാൾ എത്ര ഉന്നതായാലും-സ്വന്തം കൈപ്പിടിയിലൊതുക്കേണ്ടതല്ല. 1934 ലെ ഭരണഘടനപ്രകാരമുള്ള അധികാരവിഭജനം സഭയുടെ എപ്പിസ്കോപ്പൽ സ്വഭാവം ഉല്ലംഘിക്കപ്പടാതെ സഭയുടെ ഭരണം ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നതിനുവേണ്ടിയുള്ളതാണ്. അതുകൊണ്ട് 1934 ലെ ഭരണഘടന പാത്രിയർക്കീസിന്റെ ആത്മീയപരമാധികാരത്തിന് വിരുദ്ധമാണെന്ന് വ്യാഖ്യാനിക്കാവുന്നതല്ല. അതുപോലെ തന്നെ പാത്രിയർക്കീസിന്റെ ആത്മീയപരമാധികാരത്തിൽ വിശ്വസിക്കുന്ന ഇടവകക്കാരെ അടിച്ചമർത്തുന്നതിനോ, അവർക്ക് നീതിനിക്ഷേധിക്കുന്നതിനോ ഉള്ള ഉപകരണമായി പ്രസ്തുത ഭരണഘടനയെ കണക്കാക്കാനുമാവില്ല.

xvii പള്ളിയോ, ശവക്കോട്ടയോ ആരും ബലപ്രയോഗംവഴി പിടിച്ചെടുക്കാൻ പാടില്ല. ഇടവകക്കാർ മലങ്കരസഭയിൽ വിശ്വസിക്കുന്നിടത്തോളം കാലം അവ കീഴ്നടപ്പനുസരിച്ച് ഇടവകക്കാർക്കുള്ളതും, അവ ഉപയോഗിക്കുന്നതിന് അവർക്കുള്ള അവ

കാശം നഷ്ടപ്പെടുത്തുവാൻ പാടില്ലാത്തതും മാന്യമായ രീതിയിൽ സെമിത്തേരിയിൽ സംസ്ക രിക്കപ്പെടേണ്ടതുമാണ്. അപ്രകാരം ഇടവകപള്ളി കളുടെ സ്വത്തുവകകൾ മലങ്കരസഭയുടേതായി രിക്കുന്നതും, മലങ്കരസഭയുടെ സ്വത്തുക്കൾ പൗരാണികകാലം തൊട്ടേ തുടർന്നുവരുന്നതു പോലെ ഒരു ട്രസ്റ്റായിരിക്കുന്നതും, അത് ഇടവ കാംഗങ്ങൾക്കുവേണ്ടിയുള്ളതും ആകുന്നു. ഇട വകപള്ളിയുടെയോ, പള്ളിയുടെ സ്വത്തിന്റെ ഉട മസ്ഥത ഭൂരിപക്ഷ തീരുമാനപ്രകാരമായാൽപോ ലും, ആർക്കും അവകാശപ്പെടാൻ പാടില്ലാത്ത തും, അവകൈവശപ്പെടുത്താൻ പാടില്ലാത്തതു മാകുന്നു.

xviii സഭയുടെ പൊതുവിശ്വാസം യേശുക്രിസ്തുവി ലാണെങ്കിലും സഭ അതിന്റെ വിശ്വാസം പാത്രി യർക്കീസിന്റെയും, കാതോലിക്കയുടെയും സ്ഥാനങ്ങളോടുള്ള കൂറായി വിഭജിക്കുന്നതി നുള്ള അനാവശ്യശ്രമങ്ങൾ നടക്കുന്നതായി കാണുന്നു. ആതമീയതയുടെ മറവിൽ പാത്രി യർക്കീസിന്റെയും, കാതോലിക്കയുടെയും പര മാധികാരത്തെ കേന്ദ്രീകരിച്ചുള്ള തർക്കങ്ങൾ ഉപ യോഗിച്ച് സഭയുടെ ഭരണവും മറ്റ് അധികാര ങ്ങളും കൈവശപ്പെടുത്തുന്നതിനുള്ള ശ്രമങ്ങ ളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ തർക്ക ങ്ങൾക്കു പിന്നിൽ യഥാർത്ഥത്തിൽ മൗലികമോ, സദുദ്ദേശപരമോ ആയ യാതൊരു കാരണവുമി ല്ലതന്നെ.

xix പാത്രിയർക്കീസിന്റെ അധികാരം ഒരിക്കലും പള്ളികളുടെ ലൗകീകകാര്യങ്ങളിലേക്ക് വ്യാപി ച്ചിരുന്നില്ല. 1995 ലെ വിധിയെ ലംഘിച്ചുകൊണ്ട് പാത്രിയർക്കീസ് അന്യായമായി നടത്തിയ ഇട പെടലുകളെ ചോദ്യം ചെയ്യുകവഴി കാതോലിക്കാ വിഭാഗം പാത്രിയർക്കീസിന്റെ ആത്മീയ പരമാ ധികാരത്തെ നിഷേധിച്ചു എന്നു വാദിക്കുന്നത് ശരിയല്ല. 1995 ലെ വിധിക്കുശേഷം സൃഷ്ടിക്ക പ്പെട്ട സാഹചര്യത്തിന് പാത്രിയർക്കാവിഭാഗത്തെ യാണ് കുറ്റപ്പെടുത്തേണ്ടത്. സഭയുടെ സ്വത്തു ക്കൾ 1934 ലെ ഭരണഘടനാപ്രകാരമാണ് കൈകാര്യം ചെയ്യപ്പെടേണ്ടത്. എല്ലാവർക്കും ബാധകമായ 1995 ലെ വിധി പാത്രിയർക്കാവിഭാഗം മാനിച്ചില്ല. 1995 ലെ വിധിയെ ലംഘിച്ചുകൊണ്ട് വികാരി മുതലായവരെ നിയമിക്കുന്നതിന് പാത്രി യർക്കീസ്/അദ്ദേഹത്തിന്റെ പ്രതിനിധികൾ ശ്രമിക്കുന്നത് തടയുന്നതിനുവേണ്ടിയാണ് കാതോലിക്കാവിഭാഗം ഹൈക്കോടതിയിൽ റിറ്റ്പെറ്റീഷൻ ഫയൽ ചെയ്തത്.

xx 1934 ലെ ഭരണഘടന ഇപ്പോഴും നടപ്പാക്കേണ്ട തുതന്നെയാണ്. അതിനെ അസാധുവാക്കാനോ, ദുർബ്ബലപ്പെടുത്താനോ ഉള്ള പാത്രിയർക്കിസ് വിഭാഗത്തിന്റെ ആവശ്യം അനുവദിക്കാവുന്നത ല്ല. മലങ്കരസഭ നിലവിലുള്ളിടത്തോളം കാലം അതും, അതിന്റെ സ്വത്ത് വകകളും നിലനിൽക്കേ ണ്ടതുതന്നെയാണ്. ഒരു ഗ്രൂപ്പിനും, സഭാവിഭാഗ ത്തിനും മലങ്കരസഭയുടെ ഭരണമോ, സ്വത്തോ കൈവശപ്പെടുത്താവുന്നതല്ല; കാരണം അപ്ര കാരം ചെയ്യുന്നത് സഭയുടെ ഭരണത്തിൽ നിയ മവിരുദ്ധമായി ഇടപ്പെടുകയും സഭയുടെ സ്വത്തു കൾ നിയമവിരുദ്ധമായി പിടിച്ചെടുക്കുകയും ചെയ്യുന്ന ശരിയായ നിയമലംഘനമാകുന്നു. ഭൂരി പക്ഷം പ്രയോജനപ്പെടുത്തിക്കൊണ്ടുപോലും സഭയുടെ സ്വഭാവം മാറ്റാൻ സഭാ വിശ്വാസി കൾക്ക് അവകാശമില്ലാത്തതാകുന്നു. സഭയുടെ ഭരണസംവിധാനം മാറ്റുവാനുള്ള ഏകമാർഗ്ഗം നിയമാനുസൃതം 1934 ലെ സഭാ ഭരണഘടനഭേദ ഗതി ചെയ്യുകയാണ്. 1934 ലെ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് നിരക്കാത്ത യാതൊരു നിയമ ങ്ങളും ഉണ്ടാക്കാൻ ഇടവകപള്ളികൾക്ക് അധി കാരമില്ലാത്തതുമാകുന്നു.

xxi 1890 ലെയും, 1913 ലെയും ഉടമ്പടികൾ പള്ളിക ളുടെ ഭരണക്രമീകരണത്തെ സംബന്ധിക്കുന്ന രേഖകൾമാത്രമാണ്; അവ ട്രസ്റ്റ് രേഖകളല്ല. ഇന്ന് അവ പ്രയോജനരഹിതമാണ്. മറിച്ചാണെങ്കിൽകൂ ടി, 1934 ലെ ഭരണഘടനക്കും വിശിഷ്യാ അതിലെ 132-ാം സെക്ഷനും അനുസൃതമല്ലാത്തതുകൊണ്ട് അവ നിലനിൽക്കത്തക്കതല്ല. മാത്രമല്ല 1995-ലെ കോടതിയുടെ വിധിയുടെ വെളിച്ചത്തിൽ പ്രസ്തുത ഉടമ്പടികൾക്ക് ഇനി യാതൊരുവിധ പ്രാബല്യവും ഉണ്ടാകുന്നതല്ല.

xxii മലങ്കരസഭയുടെ 1934 ലെ ഭരണഘടന മലങ്കര സഭാ വസ്തുക്കളെ സംബന്ധിച്ച് നിലവിലോ ഭാവിയിലോ യാതൊരു അവകാശമോ താത്പ ര്യമോ ഉടമസ്ഥതയോ ഉണ്ടാക്കുകയോ സൃഷ്ടി ക്കുകയോ അന്യാധീനപ്പെടുത്തുകയോ അവസാ നിപ്പിക്കുകയോ നിഷ്കർഷിക്കുകയോ ചെയ്യുന്നി ല്ല. നേരേമറിച്ച് അത് വസ്തുക്കളുടെ ഭരണം നട ത്തുന്നതിനുവേണ്ടിയുള്ളതും ആയത് രജിസ്റ്റർ ചെയ്യേണ്ട രേഖയുമല്ല. എങ്ങനെയായാലും മേൽപറഞ്ഞ കാരണങ്ങളാൽ ഉടമ്പടികൾ രജി സ്റ്റർ ചെയ്തതുകൊണ്ടുമാത്രം ഭരണഘടനയ്ക്ക് അതീതവുമല്ല.

xxiii മലങ്കരസഭ എപ്പിസ്കോപ്പൽ സഭയാകകൊണ്ട്, ഇടവക പള്ളികൾക്ക് ഭരണഘടനപ്രകാരം അനു

*വായനക്കാർ എഴുതുന്നു*

# തിരുത്തൽ വേണ്ടേ?

കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ അതിന്റെ മുഖപ്രസംഗങ്ങളിലൂടെയും മറ്റും സഭയുടെ ആരാധന-പ്രാർത്ഥനാ ക്രമങ്ങളിലുള്ള ധാരാളം തെറ്റുകളും ന്യൂനതകളും ചൂണ്ടിക്കാണിച്ചിട്ടുള്ളത് എന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഒരു പള്ളിയിലും അതിനനുസരിച്ച് തിരുത്തലുകൾ വരുത്തി കാണുവാൻ ഇടയായിട്ടില്ല. വളരെ വ്യക്തമായ തെറ്റുകളാണെങ്കിൽ പോലും അവ ശരിപ്പെടുത്താൻ ശ്രമിക്കാത്തത് ഖേദകരമാണെന്നു പറയാതെ വയ്യ.

ഒരു തെറ്റുകൂടി ചൂണ്ടിക്കാണിക്കട്ടെ. കുർബാന സ്വീകരിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന ശുശ്രൂഷകൻ ചൊല്ലിത്തരികയും വിശ്വാസികൾ ഏറ്റുചൊല്ലുകയും ചെയ്യുന്ന പതിവുണ്ട്. ആദ്യവാക്യം ഇതാണ്. 'കർത്താവേ, നിന്നെ ഭക്ഷിക്കാൻ എന്നെ യോഗ്യനാക്കണമേ,' ചൊല്ലിത്തരുന്ന ആൾ പുരുഷനായതിനാൽ യോഗ്യനാക്കണമേ എന്നാണ് പറയുന്നത്. എന്നാൽ അത് ഏറ്റുപറയുന്ന സ്ത്രീകളും 'യോഗ്യനാക്കണമേ' എന്ന് ആവർത്തിക്കുന്നു. ഇതുപോലെ പല അവസരങ്ങളിലും ലിംഗപരമായ ഈ തെറ്റ് വരുത്തുന്നുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുപോലും തിരിച്ചറിയാവുന്ന ഈ പിശകെങ്കിലും തിരുത്തുന്നതിന് ഒരു വൈദീകൻ പോലും ശ്രദ്ധിച്ചു കാണുന്നില്ല. രണ്ടോ മൂന്നോ പ്രാവശ്യം പള്ളിയിൽ പൊതു നിർദ്ദേശം നൽകി തിരുത്താവുന്ന ഇത്തരം പിശകുകൾ പോലും തിരുത്തുന്നതിന് ശ്രേഷ്ഠാനുമതി വേണ്ടിവരുമോ ആവോ!

ഐശ്വര്യ ജോൺ
സാഹിത്യ വിദ്യാർത്ഥിനി
നാഗ്പൂർ

---

വദിച്ച് കൊടുത്തിട്ടുള്ള സ്വയം ഭരണാവകാശം സെക്ഷൻ 22 തുടങ്ങിയ വകുപ്പുകൾക്ക് വിധേയമായി വരവ്-ചെലവുകൾ തുടങ്ങിയ കാര്യങ്ങളുടെ നിർവ്വഹണത്തിനുംമാത്രം വേണ്ടിയുള്ളതാകുന്നു.

xxiv 2002 ലെ ഭരണഘടന നിർമ്മാണം നിയമവിരുദ്ധവും നിഷ്ഫലവുമായ ഒരു നടപടിയാകുന്നു. ഈ നടപടിയും, അതുവഴി മലങ്കരസഭയുടെ പള്ളികളിൽ അതുണ്ടാക്കിയ സമാന്തര ഭരണസംവിധാനവും അംഗീകരിക്കാൻ കഴിയാത്തതാണ്. അത് നിലനിൽക്കുകയില്ല. മലങ്കരസഭ 1934 ഭരണഘടന അനുസരിച്ചുതന്നെ ഭരിക്കപ്പെടേണ്ടതാണ്.

xxv മണ്ണത്തൂർ പള്ളിക്കേസിൽ അന്യായം പരിഷ്കരിച്ചതിനുശേഷം വീണ്ടും ഓർഡർ 1 റൂൾ 8 സി.പി.സി. പ്രകാരം പ്രാധിനിദ്ധ്യ സ്വഭാവമുള്ള നടപടി കൈക്കൊള്ളണമെന്നത് ശരിയല്ല.

xxvi 1934 ലെ ഭരണഘടന ഇടവകപള്ളികളുടെ ഭരണനിർവ്വഹണത്തിന് ഉപയുക്തവും പര്യാപ്തവുമാകകൊണ്ട് സി.പി.സിയുടെ 92-ാം സെക്ഷൻ അനുസരിച്ച് ഒരു ക്രമീകരണം രൂപപ്പെടുത്തേണ്ട ആവശ്യമില്ല.

xxvii ഇരുവിഭാഗങ്ങളും തമ്മിൽ നിലവിലുള്ള ഭിന്നതയുടെ പശ്ചാത്തലത്തിൽ, അനുരഞ്ജന സാധ്യത വളരെ വിദൂരമാണെന്ന വസ്തുത പരിഗണിച്ച് പള്ളികളിൽ രണ്ടുവിഭാഗത്തിലെയും വികാരിമാർക്ക് മതപരമായ ചടങ്ങുകൾ നടത്തുവാൻ അനുവാദം നൽകണം എന്ന ആവശ്യവും സ്വീകരിക്കാനാവില്ല. കാരണം അപ്രകാരം ചെയ്യുന്നത് സമാന്തരഭരണ സംവിധാനത്തെ സംരക്ഷിക്കുന്ന (തെറ്റായ) നടപടിയായിത്തീരും.

xxviii ഇരുവിഭാഗക്കാരും, അവർ വിശ്വസിക്കുന്നതായി സാക്ഷ്യപ്പെടുത്തുന്ന മതത്തിന്റെ വിശുദ്ധിക്കുവേണ്ടിയും തുടർന്നും സ്വന്തം മതസ്ഥാപനങ്ങൾ കൂടുതൽ ജീർണ്ണിച്ച് അധഃപതിക്കുന്നത് തടയുന്നതിനുവേണ്ടിയും അവരുടെ ഭിന്നതകൾ പൊതുവേദിയിൽ ചർച്ച ചെയ്തോ, നിയമാനുസൃതമായി ഭരണഘടനഭേദഗതി ചെയ്തോ ആണ് പരിഹരിക്കാൻ ശ്രമിക്കേണ്ടത്; അല്ലാതെ സമാന്തരഭരണ സംവിധാനങ്ങൾ സൃഷ്ടിച്ചല്ല. സമാനന്തഭരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നത് ക്രമസമാധാന തകർച്ചക്കും അതുവഴി പള്ളികൾ പൂട്ടപ്പെടുന്നതിനും മാത്രമേ സഹായിക്കൂ എന്നതുകൊണ്ട് അത് തീർത്തും അസ്വീകര്യമാണ്.

185. മേൽക്കൊടുത്ത ചർച്ചയുടെ വെളിച്ചത്തിൽ (ഹൈക്കോടതിയുടെ വിധിയിൽ) ഇടപെടുന്നതിനുള്ള യാതൊരടിസ്ഥാനവും ഞങ്ങൾ കാണുന്നില്ല. അതുകൊണ്ട് അപ്പീൽ തള്ളുന്നു. ചെലവ് അവരവർ വഹിക്കേണ്ടതാണ്.

ജസ്റ്റിസ് അരുൺ മിശ്ര
ജസ്റ്റിസ് അമിതാവ് റോയ്

ന്യൂഡൽഹി
ജൂലൈ/03/2017

# നിൽക്കുക.... ചിന്തിക്കുക....

**കണ്ടനാട് ഭദ്രാസനത്തിലെ**
**യാക്കോബായ സഭാംഗങ്ങൾക്ക് വ്യക്തിപരമായ ഒരു കത്ത്**

2017 ജൂലൈ 3 ലെ സുപ്രീംകോടതിവിധിയെ തുടർന്ന് സഭയിൽ പ്രത്യേക സാഹചര്യം ഉണ്ടായ പശ്ചാത്തലത്തിൽ യാക്കോബായ സഹോദരങ്ങളുടെ പുനർവിചിന്തനത്തിനായി താഴെ പറയുന്ന കാര്യങ്ങൾ കുറിക്കുന്നു.

1) നിയമപരിരക്ഷയോടും അഭിമാനത്തോടും കൂടെ സഭൈക്യത്തിനുള്ള അവസരം സഭാതർക്കം സംബന്ധിച്ച കേസുവിധിയിൽ 1995-ൽ ബഹു. സുപ്രീംകോടതി ഇരുവിഭാഗങ്ങൾക്കും നൽകിയിരുന്നു. എന്നാൽ ആ വിധിതീർപ്പിന്റെ സാധ്യതകളും ആനുകൂല്യങ്ങളും മുൻപാത്രിയർക്കീസ് കക്ഷിയിലെ ഒരു വിഭാഗം നഷ്ടപ്പെടുത്തി പുതിയ ഭരണഘടനയ്ക്കും സഭയ്ക്കും രൂപം നൽകുകയാണുണ്ടായത്. ആ രണ്ടു നടപടികളും നിയമവിരുദ്ധമായിരുന്നതുകൊണ്ടുതന്നെ അസാധുവാണെന്ന് ഇപ്പോൾ കോടതി വിധിച്ചിരിക്കുന്നു. സെമിത്തേരിയുടെ പോലും ഉപയോഗം യാക്കോബായ വിഭാഗക്കാർക്ക് കോടതി നിഷേധിച്ചു. വസ്തുതകൾ മറച്ചുവച്ച് നേതൃത്വം അവരെ തെറ്റിദ്ധരിപ്പിച്ചതിനാൽ ഇടവകക്കാർ എന്ന നിലയിലുള്ള അവകാശങ്ങൾ പോലും സഭാംഗങ്ങൾക്ക് നഷ്ടപ്പെട്ട് അവർ ഇടവകപ്പള്ളിയിൽ നിന്നും പുറത്തുപോകുന്നതിന് വഴിയൊരുക്കിയിരിക്കുകയാണ്. ഈയൊരു സാഹചര്യത്തിലേക്ക് ഇടവകാംഗങ്ങളെ കൊണ്ടെത്തിച്ച സഭാനേതൃത്വത്തിന്റെ ചെയ്തികൾക്ക് തുടർന്നും വഴിപ്പെടണമോ എന്ന് ചിന്തിക്കേണ്ടതില്ലേ.

2) അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഭരണഘടനയിലെ സ്ഥാനം ആദരിക്കുമെന്നും നിലനിർത്തുമെന്നും മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ 1998-ൽ കല്പന വഴിയും കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം വഴിയും ഉറപ്പുനൽകിയിട്ടും ഓർത്തഡോക്സ് സഭ പാത്രിയർക്കീസ് വിരുദ്ധരാണ് എന്ന് പ്രചരിപ്പിച്ചു. പാത്രിയർക്കീസിന്റെ സ്ഥാനം ഭരണഘടനാപരമായും കോടതിവിധി പ്രകാരവും മലങ്കരസഭയ്ക്ക് മുഴുവനുമായി ബാധകമായിരുന്നിട്ടും നിയമവിരുദ്ധമായി പുതിയ ഭരണഘടനയും സഭയും ഉണ്ടാക്കി പാത്രിയർക്കീസിന് മലങ്കര സഭയിലുള്ള അംഗീകാരം നഷ്ടപ്പെടുത്തിയതിന്റെ പൂർണ്ണ ഉത്തരവാദിത്തം യാക്കോബായ സഭാനേതൃത്വത്തിനാണ്. ഈ സഹചര്യത്തിൽ പാത്രിയർക്ക ഭക്തർ അവരെ വിട്ട് ഭരണഘടനാപരമായി പാത്രിയർക്കീസിനെ അംഗീകരിക്കുന്ന ഓർത്തഡോക്സ് സഭയോട് സഹകരിക്കുകയല്ലേ ബുദ്ധി എന്നും ആലോചിക്കുക.

3) 1995 മുതൽ കോടതിവിധി അട്ടിമറിച്ച് സഭയിൽ കലാപവും വിഭജനവും നടത്തിയത് യാക്കോബായക്കാർ ആണെന്നും പാത്രിയർക്കീസ് ബാവയ്ക്ക് ഉണ്ട് എന്ന് അവകാശപ്പെടുന്ന ആത്മീയ ഔന്നിത്യത്തിന്റെ മേൽവിലാസത്തിൽ മലങ്കരസഭയുടെ ഭരണസംവിധാനം പിടിച്ചടക്കുവാൻ അവർ ശ്രമിക്കുകയായിരുന്നുവെന്നും കോടതി നിരീക്ഷിക്കുമ്പോൾ ആരാണ് ഇവിടെ പ്രശ്നമുണ്ടാക്കിയത് എന്ന് വ്യക്തമാകുന്നു. ആ രീതിയിൽ കോടതിയെക്കൊണ്ട് പറയിച്ച യാക്കോബായ സഭാനേതൃത്വത്തിൻ കീഴിൽ ഇനിയും തുടരണമോ എന്ന് സഭാംഗങ്ങൾ ചിന്തിക്കുക.

4) 1998-2002 കാലഘട്ടത്തിൽ സഭാവിഭാഗങ്ങൾ യോജിപ്പിന്റെ സമീപത്തെത്തി എന്ന് മലങ്കരസഭ മുഴുവനും ചിന്തിച്ചു. ആ ധാരണ തകർത്ത് സഭയിൽ അക്രമം, കയ്യേറ്റം, നിയമ നിഷേധം എന്നിവ പ്രോത്സാഹിപ്പിച്ച് കോടതിവിധിയെ അട്ടിമറിക്കാൻ ശ്രമിച്ചതുകൊണ്ട് അവരെ അനുസരിച്ച സഭാംഗങ്ങൾ ഇന്ന് പെരുവഴിയിലായി. ഈ സാഹചര്യം സൃഷ്ടിച്ച നേതൃത്വത്തിൻ കീഴിൽ എന്തുവിശ്വസിച്ച് മുമ്പോട്ടു പോകും എന്ന് വിശ്വാസികൾ ആലോചിക്കുക.

5) 2002-ലെ ഭരണഘടനയ്ക്ക് അംഗീകാരം നേടാൻ പരി. പാത്രിയർക്കീസിന് സർവ്വാധികാരം നൽകി. എന്നിട്ട് ഭരണകാര്യത്തിൽ അദ്ദേഹത്തിന്റെ അധികാരത്തെയും ഇടപെടലിനെയും പരസ്യമായി ധിക്കരിച്ച യാക്കോബായ സഭാനേതൃത്വത്തിൻ കീഴിൽ നിങ്ങൾ ഉദ്ദേശിക്കുന്ന അന്ത്യോഖ്യാബന്ധം എന്തുമാത്രം സുരക്ഷിതമായിരിക്കും എന്ന് ചിന്തിക്കുക. നേതൃത്വത്തിന്റെ ഇരട്ടത്താപ്പും കാപട്യവും ഇവിടെ വ്യക്തമാണല്ലോ. യാക്കോബായ സമൂഹം അരങ്ങേറിയ അക്രമം, അഴിമതി, ധൂർത്ത് ഇവയെല്ലാം ആ കൂട്ടത്തെ അരാജകത്വത്തിലേക്ക് നയിച്ചതിന് നിങ്ങൾ സാക്ഷികളാണല്ലോ. യാക്കോബായ സഭയിലെ തന്നെ മേല്പ്പട്ടക്കാരെ ശ്രേഷ്ഠാനുമതിയോടെ വഴിയിൽ തടഞ്ഞും അരമനയിൽ കയറി അക്രമിച്ചും നടക്കുന്നവരുടെ കൂട്ടായ്മയിൽ അഭിമാനകരമായ ഒരു സഭാജീവിതം സാധ്യമാകുമൊ?

6) അന്ത്യോഖ്യാ വിശ്വാസത്തിന്റെ പേരിൽ മരിക്കുവാനും കൊല്ലുവാനും ആഹ്വാനം ചെയ്യുന്ന സഭാനേതാക്കന്മാരുടെ വിശ്വാസം എത്ര തീക്ഷ്ണമാണെന്നു നോക്കാം. പെന്തക്കൊസ്തു സഭാ കൂട്ടായ്മയിലുള്ള കെ.പി. യോഹന്നാൻ ബിഷപ്പിന്റെ താവളത്തിൽ സഭാംഗങ്ങളെ കൊണ്ടെത്തിക്കാൻ ശ്രമിച്ചു എന്നും പരി. പാത്രിയർക്കീസ് ബാവ കൊടുത്തുവിട്ട വി. മൂറോൻ ബിലിവേഴ്സ് ചർച്ചിനു വിറ്റ് പണം വാങ്ങി എന്നുമുള്ള ആരോപണങ്ങൾ നിലനിൽക്കുന്നു. ഇവിടെ എന്തുവിശ്വാസവും എന്തു ധാർമ്മി

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2016-2018

Date of Publication 15-7-2017
Price Rs. 10/-

Licence No. KL/CR/ALU/WPP-04/2016-18
Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

കതയുമാണ് പ്രകടമാകുന്നത് എന്ന് സഭാമക്കൾ ആലോചിക്കുക. ഇവർ ഏതു സത്യവിശ്വാസത്തിലേക്കാണ് സഭാവിശ്വാസികളെ നയിക്കുന്നത്? ഇവരുടെ മേൽനോട്ടത്തിൽ സഭാവിശ്വാസം സംരക്ഷിക്കുമെന്ന് എന്ത് ഉറപ്പാണ് നിങ്ങൾക്കുള്ളത്?

7) യാക്കോബായ സഭാനേതൃത്വത്തിൻ കീഴിൽ ഇനിയും പുതിയ ദേവാലയങ്ങളും സ്ഥാപനങ്ങളും കക്ഷിവഴക്കിന്റെ പേരിൽ സൃഷ്ടിക്കുവാൻ നിങ്ങളെക്കൊണ്ട് മുതൽ മുടക്കിക്കുന്നതിന് ശ്രമിക്കുമ്പോൾ ഈ നേതാക്കന്മാരുടെ കീഴിൽ യാക്കോബായ സമൂഹം എവിടെച്ചെന്നെത്തുമെന്ന് ആലോചിക്കേണ്ടതില്ലേ. സഭാംഗങ്ങളുടെ ധനവും പ്രയത്നവും ഇവരെ സംരക്ഷിക്കുവാൻ നിക്ഷേപിക്കുന്നത് തീർത്തും പാഴായിപ്പോകുമെന്ന് ഓർക്കുക. കൂടാതെ മലങ്കരസഭയിലെ സകല ഇടവകകൾക്കും സഭാഭരണഘടന ബാധകമെന്ന് ഉറപ്പായിരിക്കുന്ന ചുറ്റുപാടിൽ കോടതിവിധിക്കെതിരെ സഭാഭരണം നടത്തുവാൻ ശ്രമിച്ചാൽ ഉണ്ടാകാൻ പോകുന്ന നിയമ-സാമ്പത്തിക കുരുക്കുകൾ മനസ്സിലാക്കുന്നതും നല്ലതാണ്.

8) യാക്കോബായ സമൂഹം ഇത്രമാത്രം നാശകരമായ ഒരു വിധി നേടിയെടുത്തിട്ടും കേസ് ജയിച്ചു എന്ന് പ്രചരിപ്പിച്ച് കോടതിക്കെതിരെ ഭള്ളുപറഞ്ഞ് അസത്യത്തിന്റെ വ്യാപനം നടത്തുകയാണ്. ഈ നേതൃത്വത്തിൻ കീഴിൽ സംഘടിച്ച് എന്തിന് സ്വയം നശിക്കണം എന്നും തീവ്രവിശ്വാസികൾ പുനർവിചിന്തനം ചെയ്യുന്നത് നല്ലതാണ്.

9) കാര്യങ്ങൾ വേണ്ടവിധം വിലയിരുത്തി ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഭദ്രാസന സംവിധാനവുമായി യോജിച്ചു നീങ്ങുവാൻ മേൽപ്പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച ചിന്ത സഹായകമായിരിക്കും എന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോഴത്തെ സഭാബന്ധങ്ങളുമായി പിരിഞ്ഞ് എന്നോട് സഹകരിക്കുവാൻ പ്രിയപ്പെട്ട സഭാംഗങ്ങൾക്ക് വൈകാരിക പ്രശ്നങ്ങളൊന്നും ഉണ്ടാകാൻ തരമില്ല. 1998 വരെ സ്നേഹബന്ധം പുലർത്തിയ എന്നെ വിട്ടുപിരിയുന്നതിൽ വിഷമം ഉണ്ടാത്തവർക്ക് അവരോട് പിരിയുവാനും വലിയ പ്രശ്നം കാണുകയില്ല എന്നു ഞാൻ ചിന്തിക്കുന്നു. കഴിഞ്ഞകാലത്ത് യാക്കോബായ സഭാനേതൃത്വം സഭാംഗങ്ങളെ കുഴിയിൽ വീഴിച്ചു എങ്കിൽ ഇനിയും ആ കൂടെപ്പോയാൽ വീഴുന്നത് പാതാളക്കുഴിയിലായിരിക്കും എന്നോർക്കുക.

10) മതകാര്യങ്ങളിൽ വികാരം പാടില്ല. അവിടെ വിവേകവും സത്ബുദ്ധിയും നേരും നീതിയുമെല്ലാമാണ് ബലപ്പെടേണ്ടത്. അതുകൊണ്ട് സത്യം കൈവെടിഞ്ഞ യാക്കോബായ സഭാനേതൃത്വത്തെ നിങ്ങൾ വിട്ടുപിരിയുവാൻ വിവേകം കാണിച്ചാൽ മാത്രമേ സഭൈക്യത്തിന് ആ നേതൃത്വം വഴിപ്പെടുകയുള്ളൂ. അതിന്റെ നിർബന്ധത്തിനു വിധേയമായി പരി. പാത്രിയർക്കീസ് ബാവ സമാധാനത്തിന് പച്ചക്കൊടി കാണിക്കുകയേയുള്ളൂ. ഈ അപ്പസ്തോലിക സഭയെ വീണ്ടും ഏകമാക്കുവാൻ ദൈവംതമ്പുരാൻ തുണയ്ക്കട്ടെ. ഈ സഭയുടെ സ്ഥാപകനായ മാർ തോമാശ്ലീഹാ അതിനുവേണ്ടി പ്രാർത്ഥിക്കട്ടെ.

നിങ്ങളെ എന്നും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന-കർത്താവിൽ നിങ്ങളുടെ എളിയ ശുശ്രൂഷകൻ തോമസ് അത്താനാസ്യോസ്



കൂത്താട്ടുകുളം വടകര സന്തുല ട്രസ്റ്റ് ആശുപത്രിയുടെ വാർഷികം ഓർത്തഡോക്സ് സഭാ അല്മായ ട്രസ്റ്റി ജോർജ് പോൾ ഉദ്ഘാടനം ചെയ്യുന്നു. ഫാ. എഡ്വേർഡ് ജോർജ്, ഓമന ബേബി, ഡോ. തോമസ് മാർ അത്താനാസ്യോസ്, തോമസ് പുളിക്കീൽ എന്നിവർ സമീപം.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha